22

സുറിയാനി

# സഭാമാസിക

ശ്രേഷ്ഠാനുമതിയോടു കൂടി
മലങ്കര സണ്ടേസ്കൂൾ അസോസ്യേഷ്യന്റെയും മാർ ഗ്രീഗോറിയോസ് സിറിയൻ വിദ്യാർത്ഥിസംഘത്തിന്റെയും വകയായി പ്രസിദ്ധപ്പെടുത്തുന്നതു.



| | | |
|---|---|---|
| പുസ്തകം 4. | 1930 തെശ്രീൻഹ്റോയി<br>1106 വൃശ്ചികം | ലക്കം 11. |



## വിഷയവിവരം.

Marthoman E Library


1. സുറിയാനി സഭാപഞ്ചാംഗം.
2. മംഗളാശംസ
3. ദാമ്പത്യബന്ധം
4. സഭാവിലാപം
5. വിശുദ്ധ സഭയും റോമാ പ്രോട്ടസ്റ്റന്റ സഭകളും
6. എന്റെ പച്ചപ്പരമാർത്ഥം
7. അദ്ധ്യാപകയോഗറിപ്പോർട്ടുകൾ
8. മലങ്കരസണ്ടേസ്കൂൾ അസോസ്യേഷ്യൻ പംക്തി
9. ചെഫ്രറിയുടെ വഞ്ചന
10. റോമാസഭയിലെ വിശ്വാസപരിശോധകൾ
11. കുറിപ്പുകളും വാർത്തകളും
12. പരസ്യങ്ങൾ.


പത്രവരി ആണ്ടിൽ ഒരു രൂപ മാത്രം

# സുറിയാനി പഞ്ചാംഗം

1930 തെശ്രീൻഹ്റോയി

1106 വൃശ്ചികം 1930 നവമ്പർ—ഡിസമ്പർ

| ആഴ്ച | സുറിയാനി തിയതി | മലയാളം തിയതി | ഇംഗ്ലീഷ് തിയതി | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| വെള്ളി | 1 | 29 | 14 | ൧-ാം- സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും സഹദേന്മാരുടേയും സഹദാസ്ത്രീകളുടേയും ഓർമ്മ |
| ശനി | 2 | 30 | 15 | |
| ഞായർ | 3 | 1 | 16 | ൩-ാം- കൂദോശ് ഈത്തോ ഞായറാഴ്ച |
| തിങ്കൾ | 4 | 2 | 17 | |
| ചൊവ്വ | 5 | 3 | 18 | |
| ബുധൻ | 6 | 4 | 19 | |
| വ്യാഴം | 7 | 5 | 20 | |
| വെള്ളി | 8 | 6 | 21 | |
| ശനി | 9 | 7 | 22 | |
| ഞായർ | 10 | 8 | 23 | ൧൦-ാം- ഹൂദൊശ് ഈത്തോ ഞായറാഴ്ച |
| തിങ്കൾ | 11 | 9 | 24 | ൧൧-ാം- സപ്തവാരമുള്ള മാർ ഈവാഗ്ന്യാസിന്റെ ഓർമ്മ |
| ചൊവ്വ | 12 | 10 | 25 | |
| ബുധൻ | 13 | 11 | 26 | |
| വ്യാഴം | 14 | 12 | 27 | ൧൪-ാം- മാർ പീലിപ്പോസ് സഹദായുടെ ഓർമ്മ |
| വെള്ളി | 15 | 13 | 28 | |
| ശനി | 16 | 14 | 29 | |
| ഞായർ | 17 | 15 | 30 | ൧൭-ാം- സ്കറിയായോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച |
| തിങ്കൾ | 18 | 16 | 1 | |
| ചൊവ്വ | 19 | 17 | 2 | |
| ബുധൻ | 20 | 18 | 3 | |
| വ്യാഴം | 21 | 19 | 4 | ൨൧-ാം- ദൈവമാതാവിന്റെ ദൈവാലയപ്രവേശനപ്പെരുന്നാൾ |
| വെള്ളി | 22 | 20 | 5 | |
| ശനി | 23 | 21 | 6 | |
| ഞായർ | 24 | 22 | 7 | ൨൪-ാം- ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച |
| തിങ്കൾ | 25 | 23 | 8 | |
| ചൊവ്വ | 26 | 24 | 9 | |
| ബുധൻ | 27 | 25 | 10 | ൨൭-ാം- മാർ യാക്കോബ് മ്പുർദ്ദ്ഓനൊയുടെ ഓർമ്മ |
| വ്യാഴം | 28 | 26 | 11 | ൨൮-ാം- മാർ യാക്കോബ് മല്ലാന്റെ ഓർമ്മ |
| വെള്ളി | 29 | 27 | 12 | |
| ശനി | 30 | 28 | 13 | ൩൦-ാം- മാർ അന്ത്രെയാസ് ശ്ലീഹായുടെ ഓർമ്മ |

സുറിയാനി

# സഭാമാസിക.

| പുസ്തകം 4. | 1930 തെശ്രീൻഹ്റോയി<br>1106 വൃശ്ചികം | ലക്കം 11. |
|---|---|---|

## മംഗളാശംസ.

—:*:—

അറിവെന്നിയെ ഇരുളിൻ വഴിതിരയുന്ന ജനങ്ങൾ-
ക്കറിവേററവുമുളവായിട്ടതിനാശയൊടെന്നും
മുറപോൽപ്പലസുവിശേഷവുമറിയിച്ചുവിളങ്ങും
"സുറിയാനിസഭാമാസിക" വിലസീടുക,സതതം.

എന്ന്, (കോതമംഗലം പി. എം. വർക്കി.)

## ദാംപത്യബന്ധം.

(അഥവാ ഭാര്യാഭർത്താക്കന്മാരുടെ സ്നേഹപരമായ ജീവിതം)

വി. വി. വർക്കി, പറവൂർ.

ആകാശത്തിന്റേയും ഭൂമിയുടേയും അവയിലുള്ള സർവ്വ ചരാചരങ്ങളുടേയും സൃഷ്ടികർത്താവായ ദൈവം മനുഷ്യർക്ക പാർപ്പിടമായ(?) ഏദൻതോട്ടത്തിൽ വച്ചു കല്പിച്ചരുളിയ അനുഗ്രഹങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്ന ഒന്നു കുടുംബജീവിതമാകുന്നു. പാപാവേശത്താൽ ഈ ലോകം പാഴായിപ്പോയതിന്റെ ശേഷം അതോടുകൂടി നശിച്ചുപോകാതിരുന്നതു സാക്ഷാത്തായ കുടുംബജീവിതമാകുന്നു. യഹോവയായ ദൈവം മനുഷ്യനെ തന്റെ സ്വന്ത സാദൃശ്യത്തിലും, സ്വരൂപത്തിലും സൃഷ്ടിച്ചുവെ

ന്നുള്ളതിനു ലക്ഷ്യമായി എല്ലാ ദേശത്തുമുള്ള മനുഷ്യരിലും പ്രകാശിച്ചുകാണുന്ന മഹത്തായ അടയാളം കുടുംബജീവിതത്തിൽ കാണപ്പെടുന്ന സ്നേഹമത്രേ.

സ്ത്രീപുരുഷന്മാരുടെ സൃഷ്ടിവിശേഷത്തെ നാം പരിശോധിക്കുന്നപക്ഷം ഈ രണ്ടു വർഗ്ഗവും തമ്മിൽ ഐക്യമായി വർത്തിക്കുന്നതിനാൽ മനുഷ്യത്വം പരിപൂർണ്ണമാകത്തക്കവണ്ണമാണു സൃഷ്ടികർത്താവു ഉദ്ദേശിച്ചിരിക്കുന്നതെന്നു കാണാവുന്നതാണ്. പുരുഷന്റെ ശക്തിയും, സ്ത്രീയുടെ കരുണയും, പുരുഷന്റെ ഉറപ്പും, സ്ത്രീയുടെ ആർദ്രതയും; പുരുഷന്റെ ഊർജ്ജസ്വലതയും, സ്ത്രീയുടെ സഹിഷ്ണുതയും ഇങ്ങിനെ വിപക്ഷങ്ങളായ പല ഗുണങ്ങളുടെയും ഏകോപിച്ചുള്ള വ്യാപാരത്താൽ മനുഷ്യ സൃഷ്ടിയിൽ ഉദ്ദിഷ്ടമായ ആദർശം പരിപൂർണ്ണമാകുന്നു. എന്നാൽ സ്ത്രീപുരുഷന്മാർ തമ്മിലുള്ള സഖിത്വം, ഐക്യം, സ്നേഹം, സഹവാസം എന്നിവ മാതാപിതാക്കന്മാരും മക്കളും തമ്മിലും, സഹോദരന്മാർ തമ്മിലും, സഹോദരിമാർ തമ്മിലും, സഹോദരീസഹോദരന്മാർ തമ്മിലും രക്തബന്ധമില്ലാതെ കേവലം സ്നേഹബന്ധം മാത്രം ഉള്ളവർ തമ്മിലും സാമൂഹ്യവും രാഷ്ട്രീകവുമായ സംഘടനംകൊണ്ടു യോജിച്ചിരിക്കുന്നവർ തമ്മിലും ഉള്ള എല്ലാ മാനുഷ്യ ബാന്ധവങ്ങളിൽ പ്രത്യക്ഷപ്പെടുന്ന അനുഭവങ്ങളാൽ ഒരു പ്രത്യേക ശക്തി എല്ലാവരിലും ഉളവാക്കിയിട്ടുണ്ടെന്നു പറയാം. ഈ ശക്തിയാൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സംബന്ധം വികസിച്ചു ഒരു കുടുംബബന്ധം ഉണ്ടാകയും, ഒരു കുടുംബം പലതായി പടർന്നു ഒരു വംശം ഉണ്ടാകയും, പല വംശങ്ങൾ കൂടി ചേർന്നു രാഷ്ട്രീകബന്ധമുള്ള ഒരു രാജ്യം ഉണ്ടാകയും പല രാജ്യങ്ങൾ ചേർന്നു സാമ്രാജ്യമോ, ഏക യോഗക്ഷേമസംഘടനമോ ഉണ്ടാകയും ചെയ്തിട്ടുള്ളതായി ലോക ചരിത്രത്തിൽനിന്നും വെളിവാകുന്നു. അനേകം ഭാഷകളിൽനിന്നും ജാതികളിൽനിന്നും കൂട്ടി ചേർക്കപ്പെട്ടവരെകൊണ്ടു രൂപീകരിക്കപ്പെടുന്ന ദൈവരാജ്യത്തിന്റെ വിത്തു നമ്മുടെ ആദ്യ മാതാപിതാക്കന്മാരുടെ സഖിത്വത്തിൽ നാം കാണുന്നു. അവർ ഐക്യത്തോടും, സ്നേഹത്തോടും, ഒരു കുടുംബമായും വസിച്ചുവന്നു. എന്തെന്നാൽ അവർ രണ്ടല്ല, ഒരു ജഡമത്രേ. അവരെ തമ്മിൽ [illegible] ജിപ്പിച്ചതു പണമോ, ജഡേച്ഛയോ അല്ല, പിന്നയോ [illegible] ത്തിന്റെ വചനത്തിൽ നിലനിന്നു തമ്മിൽ തമ്മിൽ സ്നേഹിച്ചു അതിൽനിന്നും വളരെ ഫലം ഉണ്ടായി സർവ്വസ്രഷ്ടാവിനെ മഹത്വപ്പെടുത്തുന്നതിനായിട്ടാണു ഒരു കുടുംബമായി അലങ്കരിച്ചതു.

Marthoman E Library



അതുപോലെ ഒരു ക്രിസ്തീയ കുടുംബത്തിലെ ഭാര്യാഭർത്താക്കന്മാർ സദാ സ്നേഹത്തോടും, അനുസരണത്തോടും, ഐകമത്യത്തോടുംകൂടി വസിക്കേണ്ടതാണു. അവരെ വിവാഹത്തിനു പ്രേരിപ്പിച്ചതു മഹാ ശ്രേഷ്ഠമായുള്ള ഉദ്ദേശമാണു. അവർ ക്രിസ്തുവിനേയും, മണവാട്ടിയായ സഭയേയും സദാ ഓർക്കുന്നു. അവർ അന്യോന്യം നിഷ്കളങ്കമായി സ്നേഹിക്കുന്നു. അവർക്കു ഇരുവർക്കും ഏക ചിന്തയാണുള്ളതു. അവർക്കു ഇരുവർക്കും ഒരു ശരീരവും, ഒരാത്മാവും, ഒരു കർത്താവും, ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമാണു. അവർ "പൂർണ്ണ വിനയത്തോടും, സൌമ്യതയോടും, ദീർഘശാന്തതയോടും, തമ്മിൽ തമ്മിൽ സ്നേഹത്തിൽ ക്ഷമിച്ചുകൊണ്ടും, സമാധാനബന്ധത്തിൽ ആത്മാവിന്റെ ഐക്യത്തെ കാത്തുകൊൾവാൻ ശ്രമിച്ചു" കൊണ്ടും നടക്കുന്നു.

ക്രിസ്തീയ കുടുംബത്തിലെ ഭാര്യയോടുള്ള ഭർത്താവിന്റെ പെരുമാററം പോലീസുകാരൻ മോഷ്ടാവിനോടു പെരുമാറുന്നതുപോലെ അല്ല; അവൻ അവളോടു ഒരിക്കലും കൈപ്പായിരിക്കുന്നില്ല. അവളെ ശകാരിക്കുകയും, ഇടയ്ക്കിടെ പ്രഹരിക്കുകയും ചെയ്യുന്നില്ല. "എനിക്കുതന്ന സ്ത്രീ" എന്നല്ലാ "എന്നോടുകൂടി ഇരിപ്പാൻ തന്ന സ്ത്രീ" എന്നാണു അവൻ പറയേണ്ടതു. അതിനനുസരണമായി അവൻ വർത്തിക്കേണ്ടതുമാണു. അവനു അവൾ ദൈവത്താൽ നൽകപ്പെട്ട വിശിഷ്ട ദാനമാണു. അവനു കർത്തവ്യം ചെയ്യുന്നതിനു അവന്റെ ശിരസ്സിൽനിന്നോ, അവനാൽ മെതിക്കപ്പെടുന്നതിനു അവന്റെ പാദത്തിൽനിന്നോ അല്ല അവൾ എടുക്കപ്പെട്ടതു. വനാന്തരത്തിൽ [illegible] ള്ള അവന്റെ മോക്ഷയാത്രയിൽ അവനോടുകൂടി പ്രയാണം ചെയ്യുന്നതിനു "അവനിൽ" നിന്നും എടുക്കപ്പെട്ടവളത്രേ! ഇ

തിൽനിന്നും സ്ത്രീപുരുഷന്മാർ സമമുള്ളവരാണെന്നു കാണുന്നു. നമ്മുടെ ആദ്യപിതാവായ ആദാമിനു ഗാഢനിദ്ര വരുത്തി അവൻെറ പാദത്തിൽനിന്നൊ, കരത്തിൽനിന്നൊ, ശിരസ്സിൽ നിന്നൊ അസ്ഥി എടുത്തു ആദ്യമാതാവായ ഹവ്വായെ സൃഷ്ടിച്ചതായി വി. വേദത്തിൽ നാം വായിക്കുന്നില്ല. പിന്നയോ, പുരുഷനു സമമുള്ളവളായിരിക്കണം എന്നു നിശ്ചയിച്ചു അവൻെറ അർദ്ധ ഭാഗത്തിൽ നിന്നു, (ഹൃദയത്തിൻെറ സമീപം) അസ്ഥി എടുത്തു സ്ത്രീയെ സൃഷ്ടിക്കയാണു ചെയ്തിട്ടുള്ളതു. ആദ്യ. ൨: ൨൧, ൨൨. ചിലർ സ്ത്രീകളെ വളരെ നിന്ദ്യമായി ഗണിച്ചു അവരെക്കൊണ്ടു അതിനീചമായ ജോലികൾ ചെയ്യിച്ചും, അയോഗ്യമായ വിധത്തിൽ നടത്തിച്ചും, കേവലം പശു, കഴുത, മുതലായവയെപോലെ വിചാരിച്ചും വരുന്നതു എത്രയോ കഷ്ടമാണു! സ്ത്രീകൾ തങ്ങളെക്കാൾ താണവരാണെന്നു സങ്കല്പിച്ചു നിന്ദിച്ചുകൂടാ. അതിൽ യഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല, നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ. ഗലാ. ൩, ൨൮. എന്നാൽ സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാർക്കു സദാ കീഴ്പെട്ടിരിക്കണമെന്നുള്ളതു ഇവിടെ ഒരിക്കലും വിസ്മരിച്ചുകൂടാ. പുരുഷന്മാരോടു സ്നേഹിക്കണമെന്നു കല്പിച്ചിരിക്കുന്ന വിശുദ്ധ അപ്പോസ്തലൻതന്നെ സ്ത്രീകളോടു നിങ്ങൾ ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കണം എന്നു അരുളിച്ചെയ്തിരിക്കുന്നു. എഫെ. 5: 22, 24. ഭാര്യ കീഴ്പെടാത്തവളായിരുന്നാലും സ്നേഹിക്കേണ്ടതു ഭർത്താവിൻെറ മുറയായിരിക്കുന്നതുപോലെ തന്നെ ഭർത്താവു സ്നേഹിക്കാത്തവനായിരുന്നാലും കീഴ്പ്പെട്ടിരിക്കേണ്ടതു ഭാര്യയുടെ ചുമതലയാകുന്നു. സുവിശേഷം പുരുഷനു കീഴ്പ്പെടാതിരിക്കുന്നതിനൊ, അവൻെറ മേൽ അധികാരംചെയ്യുന്നതിനോ സ്ത്രീയെ അനുവദിച്ചിട്ടില്ലാ. പുരുഷൻെറ മേൽ അധികാരം ചെയ്യുന്നതും, പുരുഷൻെറ ഇഷ്ടപ്രകാരം താനല്ലാ തൻെറ ഇഷ്ടപ്രകാരം പുരുഷൻ നടക്കണമെന്നും ആഗ്രഹിക്കുന്നതും, തങ്ങളുടെ ആഗ്രഹസാദ്ധ്യത്തിനായി പുരുഷന്മാരെ പ്രയാസപ്പെടുത്തുന്നതും, തൻകാര്യം നടക്കയില്ലാ



യെന്നുകണ്ടാൽ ഭർത്താക്കന്മാരോടു എതിർത്തു നില്ക്കുന്നതും, പിറുപിറുക്കുന്നതും, ഉച്ചത്തിൽ സംസാരിക്കുന്നതും മററും സ്ത്രീകൾക്കു ഒരിക്കലും യോഗ്യമല്ലാ. ഭാര്യ ഭർത്താവിനു തലയായും യജമാനത്തിയായും ഭവിക്കുന്നതു സുവിശേഷസത്യങ്ങൾക്കു വിരുദ്ധമാകുന്നു. പ്രത്യുത, സ്ത്രീക്കു തല പുരുഷൻ എന്നും, പുരുഷൻ സ്ത്രീക്കായിട്ടല്ലാ, സ്ത്രീ പുരുഷനായിട്ടത്രേ സൃഷ്ടിക്കപ്പെട്ടതു എന്നും ഭാര്യ അറിഞ്ഞു ഭർത്താവിനെ അനുസരിച്ചും, ഭയപ്പെട്ടും അവനെ കീഴടങ്ങിയും അവൾ പാർക്കേണ്ടിയിരിക്കുന്നു. വലിയ ഭക്തി ഭാവിക്കയും, ദൈവശുശ്രൂഷകളിൽ മുടങ്ങാതെ ഹാജർ കൊടുക്കയും മററും ചെയ്തുകൊണ്ടു തങ്ങളുടെ ഭർത്താക്കന്മാരെ സംബന്ധിച്ചു ഉപേക്ഷ കാണിക്കയും, അവരോടു പ്രത്യുത്തരം പറകയും, ഗർവ്വിക്കയും, മൂർഖതയായുള്ള വാക്കുകൾകൊണ്ടും അടങ്ങാത്ത ശീലംകൊണ്ടും അവരെ വേദനപ്പെടുത്തുകയും ചെയ്യുന്ന ചില ചപല സ്ത്രീകളുടെ കഥ എത്രയും ശോചനീയമായിട്ടുള്ളതാകുന്നു. അവൾ അടക്കൊതുക്കത്തോടുകൂടി ഭർത്തൃശുശ്രൂഷ ചെയ്കയും, ഭവനത്തെ രക്ഷിക്കയും ചെയ്യേണ്ടതാണു. ഭയത്തോടുകൂടിയ നിർമ്മലനടപ്പുകൊണ്ടു അവൾ അവളുടെ ഭർത്താവിനെ ആദായപ്പെടുത്തണം. അവളുടെ അയൽക്കാരിയുടെ ഡംഭത്തെ ഉജ്വലിപ്പിക്കുന്ന പൊന്നാഭരണങ്ങളും, കസവുതരങ്ങളും അവൾക്കു വെറുപ്പായിരിക്കണം. അവൾ സുകൃതമുള്ള സ്ത്രീയാകകൊണ്ടു അവളുടെ ഭർത്താവിനു കിരീടമായും, അവൻെറ ഭവനത്തിൻെറ അരികുകളിൽ ഫലം തരുന്ന മുന്തിരിവള്ളി എന്നപോലെയും ഇരിക്കേണ്ടതാണു.

ഗൃഹസ്ഥാശ്രമധർമ്മം അനുഷ്ഠിക്കുന്നതിൽ സ്ത്രീപുരുഷന്മാർക്കുള്ള സംബന്ധം ചില്ലറയല്ലാ. ഇരുകക്ഷികൾക്കും അന്യോന്യം സാരമായ ചുമതലകൾ ഉണ്ടു. സ്വാതന്ത്ര്യം ആർക്കും ഇല്ലാ. പരാശ്രയം വേണംതാനും. ഭർത്താവിനോടു പിണങ്ങുകയൊ, ഭർത്താവിനുവേണ്ടി ദാസ്യവൃത്തി മാത്രം ചെയ്യുകയോ അല്ല ഭാര്യയുടെ ചുമതല. ഭാര്യ ഭർത്താവിൻെറ പകുതിയും, ഭർത്താവ് ഭാര്യയുടെ പകുതിയും ആണല്ലൊ. ഭാര്യയാകട്ടേ, ഭർത്താവാകട്ടേ തന്നെത്താൻ പൂർണ്ണമാകുന്നില്ലാ. മനുഷ്യത്വത്തിൻെറ രണ്ടു അർദ്ധ ഭാഗങ്ങ

Marthoman E Library

ളായ ഭാര്യാഭർത്താക്കന്മാർ പരസ്പരം പ്രണയംമൂലം യോജിക്കുമ്പോൾ ഒരു മനുഷ്യത്വം പരിപൂർണ്ണമാകുന്നു. ഒരു കത്രികകൊണ്ടു വല്ലതും കണ്ടിക്കണമെങ്കിൽ അതിന്റെ രണ്ടുഭാഗവും അന്യോന്യം ചേരേണ്ടതും ഒരുപോലെ മൂർച്ചയുണ്ടായിരിക്കേണ്ടതും പോലെയാണു ഗൃഹകാര്യനിർവഹണത്തിൽ ഭാര്യാഭർത്താക്കന്മാർക്കു പരസ്പരം ചേർച്ചയും ഉണ്ടായിരിക്കേണ്ടതു. ഭാര്യാഭർത്താക്കന്മാർ എല്ലാ പ്രവൃത്തികളിലും ഐക്യത്തോടുകൂടിയിരിക്കണമെന്നുള്ളതിനു സംശയമില്ലല്ലോ. അവരുടെ യോജിപ്പില്ലായ്മ നിമിത്തം അനവധി ഭവനങ്ങൾ വനങ്ങളായിപ്പോയിട്ടുണ്ടു. അനുകൂലയല്ലാത്ത ഭാര്യയോടുകൂടിയ ഭർത്താവിനും, പ്രതികൂലിയായ ഭർത്താവോടുകൂടിയ ഭാര്യയ്ക്കും ഒരിക്കലും ഒരുപ്രകാരേണയും സുഖമോ, സമാധാനമോ, സംതൃപ്തിയോ, ഉണ്ടാകുന്നതല്ലാ. പരസ്പരം പ്രതികൂലികളായി തീരുന്ന ഭാര്യാഭർത്താക്കന്മാരുടെ നൈരാശ്യം, വൈരാഗ്യം, വിദ്വേഷം, അസൂയ, സംശയം, ദുശ്ചിന്ത, അസംതൃപ്തി ഇതുകളെക്കൊണ്ടു സമ്മിളിതമായ അവരുടെ ഗൃഹം ഒരിക്കലും ഐശ്വര്യസമ്പൂർണ്ണമായോ, കർത്താവായ യേശുവിന്റെ കടാക്ഷവീക്ഷണത്താൽ അനുഗ്രഹീതയായോ കാണപ്പെടുന്നതുമല്ലാ. ഒരു പുരുഷന്റെ ശക്തി, ധൈര്യം, നിശ്ചയം, പ്രയത്നം, ഉൽകർഷേച്ഛ, ഇവയും, ഒരു സ്ത്രീയുടെ വിശ്വാസം, പ്രേമം, കാരുണ്യം, സാരസ്യം, സൌന്ദര്യം ഇവയും ഒത്തുചേരുമ്പോൾ അതി ദിവ്യമായ ഒരു ശക്തിയുണ്ടാകും. ആ ശക്തിയാണു ദംപതികൾക്കു ഗൃഹസ്ഥാശ്രമാനുഷ്ഠാനത്തിൽ ധർമ്മാർത്ഥകാമമോക്ഷങ്ങൾ സാധിച്ചുകൊടുക്കുന്നതു.

ഭാര്യാഭർത്താക്കന്മാർ ദൃഢമായ സ്നേഹപാശത്താൽ ബന്ധിതരായിരിക്കണം. സ്ഥിരമില്ലാത്ത അവസ്ഥാവിശേഷങ്ങൾകൊണ്ടും, അതിഭയങ്കരങ്ങളായ ആപത്തുകൾകൊണ്ടും ദുർഭരമായ ലോകജീവിതത്തെ മനുഷ്യർ തലയിൽ ചുമക്കുന്നതു സ്നേഹമസൃണമായ ദാംപത്യബന്ധത്തിന്റെ സഹായംകൊണ്ടത്രേ. അതു അസ്തമിക്കുമ്പോഴാണു ജീവിതച്ചുമടിനെ ആളുകൾ തള്ളിക്കളയുന്നതു. ദുഃഖസമ്മിശ്രമായ ജീവിതാവസ്ഥ ദാംപതികളുടെ പരമപാവനമായ പ്രേമാമൃതത്തിൽ മുഴുകുമ്പോൾ അതി മധുര

Marthoman E Library



മായും, സൌഖ്യംകൊണ്ടു അത്യാനന്ദമായും, എന്നാൽ സ്നേഹവിഹീനമായ അവരുടെ ചിത്തവൃത്തിയോടു ചേരുമ്പോൾ ആസ്ഥ ഏററവും കൈപ്പുള്ളതായും, തീരുന്നതാണു. ലോകത്തിൽ മനുഷ്യർക്കു നിരാശയെ ഉളവാക്കുന്നതിനു പ്രധാനമായി രണ്ടുകാര്യങ്ങളാണുള്ളതു. ഒന്നു പ്രേമമില്ലാത്ത ഭാര്യാഭർത്താക്കന്മാർ. മററൊന്നു നന്ദിയില്ലാത്ത മക്കൾ. ഹാ! ഹാ! സ്നേഹമസൃണമായ പ്രേമത്തിന്റെ പ്രകാശം എത്ര വിശേഷം! നൈരാശ്യകലുഷമായ അനുരാഗമില്ലായ്മയുടെ അന്ധകാരം എത്രഭയങ്കരം! വിശുദ്ധ പൌലൂസ് അപ്പോസ്തലൻ കോരിന്ത്യാക്കാരോടു ഇപ്രകാരം പറയുന്നു:—ഞാൻ മനുഷ്യരുടേയും ദൂതന്മാരുടേയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലായെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ, ചിലമ്പുന്ന കൈത്താളമോ അത്രേ, എനിക്കു പ്രവചനവരം ഉണ്ടായിട്ടു സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും, മലകളെ നീക്കുവാൻ തക്ക വിശ്വാസവും ഉണ്ടായാലും സ്നേഹമില്ലെങ്കിൽ ഞാൻ ഏതുമില്ലാ. 1 കോറി 13: 1, 2

അതിനാൽ മരണപര്യന്തം ഐക്യതയിലും, ബഹുമാനത്തിലും, സമാധാനത്തിലും സ്നേഹത്തിലും ജീവിക്കുന്ന ദംപതിമാർ പരലോകത്തിൽ വിശ്വസ്തതയുടെ കൂലിയായിട്ടു നിത്യജീവനെ അവകാശമാക്കും; സംശയമില്ല. “സ്നേഹം” കുടുംബജീവിതത്തിന്റെ ഏക പ്രമാണമായിരിക്കട്ടെ.

## “സഭാവിലാപം”

ഗാഥ or മഞ്ജരി

—*:⊙:*—

(മിസ്സിസ് സാറാമ വറഗീസ്, ആലുങ്കൽ)

കേഴുന്നോ, ഷെൻസ്സഭ! കേഴുന്നോ, അംബികേ!
കേഴുമാൻ നേരത്രേ! നീ കേണീടുന്നോ?
ആയാസപ്പെട്ടൊട്ടു വിശ്രമം നേടുവാൻ
സായാഹ്നനേരത്തു വന്നിടുമ്പോൾ,

വൃക്ഷങ്ങൾ തമ്മിൽ ചമച്ചോരു നീഡങ്ങൾ
പക്ഷികൾ കാണാതെ കേഴുംപോലെ.
കുഞ്ഞിക്കു മാതാവിൻ ചാരത്തു കേഴുന്ന-
കുഞ്ഞുങ്ങൾപോലെ നീ കേണീടുന്നോ-
വിങ്ങുന്നതെന്താണെ? മാതാവെ നിന്നുള്ളിൽ
തിങ്ങിയോ ദുഃഖങ്ങളിത്രമാത്രം?
കണ്ണുനീർ ഗണ്ഡസ്ഥലത്തെ നനക്കുവാൻ
എണ്ണലിന്നെന്തു ഭവിച്ചു മാതേ!
സോദരീമാരിനു സാമോദം വാഴുമ്പോൾ,
ഖേദത്തിനെന്തുള്ള കാര്യമമ്മേ!
സന്താപഹേതുവിന്നെന്താണെ ചൊല്ലുക നീ
സന്താനദോഷം നിമിത്തമാണോ?
അയ്യയ്യോ! ദുഃഖത്താലെന്നമ്മ സന്തതം
മെയ്യാകെ മുക്കുന്നു കണ്ണുനീരിൽ.
നേത്രങ്ങൾ മങ്ങിയും, പാടലവർണ്ണമാം
ഗാത്രം നിൻ ക്ഷീണിച്ചും പോയിയല്ലോ-
ഗണ്ഡം വിറക്കുന്നു; മാതാവിൻ മഞ്ജുള
തുണ്ഡം വിളർത്തല്ലോ, ദിഷ്ടദോഷാൽ.
കേണീടും മാതാവെ! നിന്നുടെ ദുഃഖത്തെ,
കാണാനും കേൾപ്പാനുമാരുമില്ലേ.
രോദനം ചെയ്തിട്ടും മാതാവിന്നാലാപം
സോദര്യവീരരെ! കേൾപ്പതില്ലേ.
കാതുകൾക്കുള്ളിൽ മുഴങ്ങീടും മട്ടമ്മ
ഓതുന്നു കണ്ണീരോടിത്ഥമിപ്പോൾ.

* * * * * * * * *

അക്രമം ചെയ്യുന്നയെൻ മക്കളയ്യയ്യോ,
വക്രത വാഴുന്നു മേല്ക്കുമേലിൽ.
ശഠത്വം വസിക്കുന്നു ഹൃത്തട്ടിലെങ്ങുമേ,
ആത്മജന്മാർക്കില്ല ധർമ്മചിന്ത.
പ്രേമാപിയൂഷത്തിൻ തുള്ളിയും നാസ്തിയായ്
ഓമനമക്കൾക്കിന്നെന്റെ പേരിൽ.



തന്നിഷ്ടമോരോന്നു ഭൂതലെ ചെയ്യുവാ-
നെന്നുമേ കോപ്പുകൾ കൂട്ടിടുന്നാർ.
ചിത്തസമുന്നതി വർദ്ധിച്ചവജ്ഞയും
അത്യർത്ഥമായല്ലോ ലോകനാഥ!
ക്ഷാന്തിയെറെറങ്ങുമേ, ഈർഷ്യ വളർന്നല്ലോ,
സ്വാന്തമേ സന്തതം കേണീടു നീ.
രോഷമുയരുന്നെന്റെ മക്കളിലന്യോന്യം
ദ്വേഷം വളർന്നല്ലോ, സർവ്വശക്താ!
വിശ്വാസത്യാഗികൾ വർദ്ധിച്ചു സംസത്തി-
ലാശ്വാസമില്ലല്ലോ തെല്ലുമിപ്പോൾ.
പാഷണ്ഡരാകുന്ന വഞ്ചകവർഗ്ഗങ്ങൾ
ഏഷണി കൂട്ടുന്നു ആത്മജേഷു-
ധൃഷ്ടർ, സമുദ്ധത, ഉല്ക്കട, ലോലുവർ.
ദുഷ്ടത ചേരുന്ന ചണ്ഡവർഗ്ഗം.
ഒന്നിച്ചു ചേരേണ്ടെന്റെ മക്കളിലയ്യയ്യോ,
ഭിന്നിച്ചു ദോഷം വളർത്തിയല്ലോ.
അയ്യോ! എൻ കുഞ്ഞുങ്ങളെന്ന വെടിഞ്ഞല്ലോ-
വയ്യോ താൻ മെയ്യോ തളർന്നീടുന്നു.
ദുഷ്ടതയാടുന്നു; ശിഷ്ടത വാടുന്നു;
കഷ്ടത കൂടുന്നു; കഷ്ടം! കഷ്ടം!
കക്ഷികൾ രണ്ടായി; ശണ്ഠ മുഴുത്തല്ലോ.
രക്ഷിപ്പാനാരുമില്ലെന്നെയിപ്പോൾ.
ശണ്ഠകൾ തീർന്നിടും, തീർന്നിടുമെന്നോർത്തു
ഇണ്ടൽ വെടിഞ്ഞു ഞാൻ വാണുവല്ലോ.
എൻമക്കൾ യോജിച്ചു കാണുവാൻ വാഞ്ഛിച്ച്
നാളുകളെത്ര ഞാൻ തള്ളിവിട്ടു.
യോജിക്ക വൈഷമ്യമാണെന്നു വന്നല്ലോ.
ആശയ്ക്കു മാറ്റമെന്തുണ്ടു മേലിൽ
വഞ്ചന ചെയ്യുവാൻ, ഒന്നാമനായിട്ടു
നെഞ്ചകം ചാഞ്ചല്യം വിട്ടു ചെമ്മേ.
ഈവാന്യോസ് മെത്രാനാം മാമകസന്തതി



Marthoman E Library

ആവിലാമ്പുലികലന്നിറങ്ങി.
തെററിച്ചുമക്കളെ നാശമാം കൂപത്തിൽ
തെറെറാന്നുചാടിച്ചു ധൃഷ്ടപുത്രൻ.
എന്നുടെ ഗാത്രത്തിൽ തീയമ്പയച്ചവൻ
ഖിന്നതചേർത്തല്ലോ ശങ്കയെന്യേ.
വന്നീടും ദോഷങ്ങളോരോന്നു മക്കളിൽ
പിന്നീടുചേർത്തീട്ടു വിട്ടുവെന്നു.
കേഴട്ടെ! ഞാനിന്നു; കേഴട്ടെ, സർവ്വേശ!
ആഴംപെരുത്തോരു ദുഃഖംമൂലം.
അല്ലാതെപിന്നെന്തു ചെയ്യുമെൻമക്കളി—
ലില്ലാതെപോയല്ലോ ഹാർദ്ദമല്പം.
വിശ്വാസംമക്കളിലില്ലാതെ വന്നെന്നാൽ
ആശ്വാസമെങ്ങിനേ, നേടുമമ്മ?
സോദരീമാരെന്നെ കണ്ടിട്ടു ഹാസ്യമായ്,
സാദരം തൂകുന്നു മന്ദഹാസം.
കേണാലും കാണാനിന്നാരുണ്ടഭ്രതലേ,
നാണക്കേടെന്തിനു ചൊല്ലിടുന്നേൻ.

* * * * * * * * *

കേഴണ്ടമാതാവെ! ശാന്തയായ് തീർന്നാലും
ഖേദങ്ങളെല്ലാമെ തീർക്കും ദൈവം.
കാലക്രമത്താൽ നിൻമാലെല്ലാം തീർക്കുവാൻ
കാലംവരുന്നുണ്ടു ശാന്തയാക.
ചൊല്ലിലടങ്ങാത്ത, പുത്രരെച്ചൊല്ലി നീ,
കേണിട്ടുകാര്യമിന്നെന്തു ദേവി?
അമ്മേയടങ്ങുക, പൊക്കട്ടെയക്കൂട്ടർ
ചെമ്മേ, പുകഞ്ഞോരു കൊള്ളിപോലെ.

ശുഭം.



# *വി. സഭയും, റോമാപ്രൊട്ടസ്റ്റൻറ് സഭകളും

(തുടച്ച്)

(നെടുന്തള്ളിൽ ഗീവറുഗീസുകത്തനാർ)

## വി. സഭയുടെ പഠിപ്പിപ്പാനുള്ള അധികാരം

"കൃപയും സത്യവും യേശുക്രിസ്തുമൂലം വന്നു (വി. യോഹ. 1: 17) പാപത്താൽ നഷ്ടപ്പെട്ടതായ ദൈവകൃപയും, ദൈവത്തെയുള്ള സത്യആരാധനയും വിശ്വാസവും മ്ശിഹാ മുഖാന്തരമത്രെ ഉണ്ടായിരിക്കുന്നതു. കൃപയാകുന്ന വി. കൂദാശകളും വി. ത്രിത്വാരാധനയും സത്യദൈവവിശ്വാസവും, തന്റെ ശരീരമാകുന്ന സഭയിൽനിന്നു നാം പ്രാപിക്കുന്നു. സത്യത്തെ പഠിപ്പിക്കുന്ന, സഭയുടെ ജോലിയെക്കുറിച്ചു ചിന്തിക്കാം. "സത്യത്തിന്റെ തൂണും അടിസ്ഥാനവുമാകുന്ന ജീവനുള്ള ദൈവത്തിന്റെ സഭ" (1 തിമൊ-3:15) എന്നത്രെ വി. പൌലോസ് പറയുന്നതു. വി. സഭ സത്യം പഠിപ്പിക്കുന്നതു താഴെ വരുന്ന മാർഗ്ഗങ്ങളിൽ കൂടിയാകുന്നു.

1. വി. വേദത്തിന്റെ ദാതാവും സൂക്ഷിപ്പുകാരിയും ആയിരുന്നുകൊണ്ടു.
2. പൊതു സുന്നഹദോസുകളാൽ,
3. സാർവ്വത്രികമായ ആരാധനയിൽനിന്നുള്ള ആവിശ്യങ്ങളായ സൂചനങ്ങളാൽ,
4. സഭയെ പ്രതിനിധീകരിക്കുന്ന എഴുത്തുകാരുടെ ചെയ്യുവായ പഠിപ്പിക്കൽ മൂലം,

1. <u>ബൈബിൾ</u>

സത്യം പഠിപ്പിക്കുവാനുള്ള വി. സഭയുടെ ഒരു പ്രധാനമാർഗ്ഗമായ വി. വേദത്തെക്കുറിച്ചു ചിന്തിക്കാം. വി. വേദം ദൈവനിശ്വാസനീയമായ ദൈവവചനമാകുന്നു എന്നു വി. വേദം തന്നെ സാക്ഷിക്കുന്നു. 2 തിമൊ. 3: 16; 2 പത്രൊസ്. 1: 21.)

* ഫാദർ—ൽ കറുഞ്ഞിപ്പള്ളിയിൽവെച്ചു നടത്തിയ ഡിസംബർ ക്ലാസ്സിൽ പഠിപ്പിച്ചതു;

സാക്ഷിക്കുന്നു.
വി. സഭാപിതാക്കന്മാരും ഇങ്ങനെതന്നെ
റോമായിലെ വി. ക്ലീമ്മീസ്, ദീർഘദർശിമാരെ "പരിശുദ്ധാത്മാ
വു മൂലം ദൈവകൃപയുടെ ശുശ്രൂഷകർ" എന്നു വിളിക്കയും അ
പ്പസ്തോലന്മാരെക്കുറിച്ചു, "പരിശുദ്ധാത്മാവിൻെറ പൂർണ്ണത പ്രാ
പിച്ചിട്ടു ദൈവവചനത്താൽ ഉറപ്പിച്ചു" എന്നു പ്രസ്താവിക്ക
യും, "പരിശുദ്ധാത്മാവു ഇപ്രകാരം പറയുന്നു" എന്നു പറഞ്ഞു
കൊണ്ടു പഴയ നിയമത്തെ ഉദ്ധരിക്കുകയും, വി. ജസ്റ്റീൻമാർ
ട്ടീർ, പ്രവാചകർ പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞവരാകുന്നു
എന്നും, അലക്സന്ത്രിയായിലെ ക്ലീമ്മീസു, ഒറിഗൻ, വി. സിപ്രി
യാനോസ്, വി. ആഗസ്തീനോസ് എന്നിവർ, വി. വേദത്തെ
പരിശുദ്ധാത്മാവിൻെറ സംസാരമെന്നും, യറുശ്ലേമിലെ വി. കു
റീലോസ്, "പരിശുദ്ധാത്മാവു ദീർഘദർശിമാരിൽ സംസാരി
ക്കയും, പെന്തിക്കൊസ്തിദിവസം ശ്ലീഹന്മാരുടെ മേൽ ഇറങ്ങുക
യും ചെയ്തു" എന്നും പ്രസ്താവിക്കയും, ആകമാനസഭയുടെ വി
ശ്വാസപ്രമാണം, പരിശുദ്ധാത്മാവു ദീർഘദർശിമാരിലും ശ്ലീ
ഹന്മാരിലും സംസാരിച്ചു എന്നു ഉറപ്പിക്കയും ചെയ്തിരിക്കുന്നു.

വി. വേദം എഴുതുന്നതിൽ ദൈവനിശ്വാസനം ഏതു തര
ത്തിലാണു? പരിശുദ്ധാത്മാവു, അവയുടെ എഴുത്തുകാരെ, അവ
ർക്കു സ്വാഭാവികമായി ലഭിച്ചിട്ടുള്ള അറിവു ഉപയോഗിപ്പാൻ
അനുവദിച്ചു; അവരുടെ ശക്തികളേയും (Faculties) ഓർമ്മക
ളേയും സഹായിച്ചു; എങ്കിലും വ്യക്തിപരമായ അവരുടെ സ്വ
ഭാവവുമായി എടപെട്ടു അവയെ മാററം ചെയ്തില്ലാ; എഴുതു
ന്നതിനു ആവശ്യമായ പരിശ്രമങ്ങളിൽനിന്നും അദ്ധ്വാനങ്ങളി
ൽനിന്നും പരിശുദ്ധാത്മാവു അവരെ സ്വതന്ത്രരാക്കിയില്ലാ;
അവരുടെ പ്രകൃത്യാ ഉള്ള സ്വഭാവവിശേഷങ്ങളെ വിനിയോഗി
ച്ചു. ചുരുക്കിപ്പറഞ്ഞാൽ, ദൈവത്തെക്കുറിച്ചും, മനുഷ്യരുമായുള്ള
തൻെറ പെരുമാററത്തെക്കുറിച്ചും ഉള്ള സത്യ അറിവു എ
ഴുത്തുകാരിൽ പരിശുദ്ധാത്മാവു വയ്ക്കുകയും, അവർ ത
ങ്ങളുടെ സ്വാഭാവികശക്തികളെ ഉപയോഗിക്കയും ചെയ്തു എ
ന്നാണു വിചാരിക്കേണ്ടതു.

ആകയാൽ, എഴുത്തുകാർ ഒരു പാവയൊ, യന്ത്രമൊ പോ



ലെ പരിശുദ്ധാത്മാവിനാൽ ഉപയോഗിക്കപ്പെട്ടു എന്നു കരുതു
ന്നതു അബദ്ധമാണു. അങ്ങിനെ വിചാരിക്കുന്നതു, വി. വേദ
ത്തിനും, സഭയുടെ ഉപദേശത്തിനും, അനുമാനങ്ങൾക്കും വിരു
ദ്ധമാണു. പലതരത്തിലുള്ള വാചകരീതിയും പ്രതിവാദനാരീതി
യും നമ്മെ മനസ്സിലാക്കുന്നതു, എഴുത്തുകാരുടെ സ്വാഭാവികശ
ക്തികളേയും വാസനകളേയും ദൈവസത്യത്തെ വെളിപ്പെടുത്തു
ന്നതിൽ ഉപയോഗപ്പെടുത്തി എന്നാണു. വി. വേദം പുരാണക
ഥകളുടെ (Myths) ഒരു സഞ്ചയമാണെന്നു കരുതുന്നതും വലിയ
തെററാണു. അങ്ങിനെ വിചാരിക്കുന്നതു കാതോലികസഭയുടെ
മനസ്സിനും വി. വേദത്തിൻെറ ചരിത്രസംബന്ധമായ സ്ഥാന
ത്തിനും (Historical position) വിപരീതമായിട്ടുള്ളതാകുന്നു.

വി. വേദം പ്രത്യേകിച്ചും പുതിയ നിയമം, ഒരു നിയമാ
(Code) ഉണ്ടാക്കിയിടേണമെന്നുള്ള ഉദ്ദേശത്തോടെ എഴുത
പ്പെട്ടതല്ലാ. പ്രത്യേക ആവശ്യങ്ങൾ നേരിട്ടപ്പോൾ തദനുസരണം
എഴുതപ്പെട്ടതാണു. കോറിന്തിലെ പ്രത്യേകസ്ഥിതിഗതികളെ
ക്കുറിച്ചു അറിവുകിട്ടിയപ്പോൾ അതിനുവേണ്ടി ആ ലേഖന
വും (1 കോറ. 1: 11; 5: 1; 7: 1), ഗലാത്തിയായിൽ യഹൂദത്വ
ത്തിൻെറ (ന്യായപ്രമാണാചാരംകൂടെ വേണമെന്നുള്ള അഭിപ്രാ
യം) തെററായ ഉപദേശങ്ങൾ പ്രചരിക്കുവാൻ തുടങ്ങിയതിനാ
ലും വി. അപ്പസ്തോലൻെറ അധികാരത്തെ എതിർത്തതിനാലും
ആ ലേഖനവും (ഗലാത്തി, 1: 6, 7) വി. പൌലോസു എഴു
തിയതാണു. പൊതുവിലുള്ള രക്ഷയെക്കുറിച്ചു എഴുതുവാൻ വി
ചാരിച്ചിരുന്നിട്ടും, വിശ്വാസത്തിനുവേണ്ടി പോരാടേണ്ടതായ
അത്യാവശ്യം നേരിടുകയാലത്രെ വി. യഹൂദ തൻെറ ലേഖനമെ
ഴുതിയതു (വി. യഹൂദ 3.) എന്നാൽ, ഏശായ, ഹെസക്കിയേ
ൽ, വി. യോഹന്നാൻ (വെളിപാട്), എന്നിവർ വേറൊരു തര
ത്തിൽ പ്രത്യേക വെളിപാടാൽ എഴുതി എന്നും കാണുന്നു (ഏ
ശായ 6: 1—8; ഹെസക്കിയേൽ. 1—3 അ; വെളിപാടു 1:
9—20.)

എല്ലാസംഗതികളും വി. വേദത്തിൽ പ്രത്യക്ഷത്തിൽ അ
ടങ്ങിയിരിക്കുന്നില്ലാ. ചിലതു പരോക്ഷമായിരിക്കും. ഉ: ദൈ

Marthoman E Library

വും ഏകനാകുന്നുവെന്നു (ആവ. 6: 4) പ്രത്യക്ഷമായും, പരിശുദ്ധാത്മാവു ഒരു ആളാണെന്നു പരോക്ഷമായും (വി. യോഹ. 14: 16, 26; 15: 26; 16: 8, 13; റോമ 8: 26, 27; എഫെ. 4: 30), യേശുക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ച്, "വചനം ദൈവമായിരുന്നു" "വചനം ജഡമായിതീൎന്നു" (വി. യോഹ. 1: 1, 14) എന്നു പറഞ്ഞിരിക്കുന്നിടത്തു പ്രത്യക്ഷമായും, തന്റെ ദൈവത്വത്തിന്റെ സത്യതക്കപ്പുറമായി അവയെ വ്യാഖ്യാനിച്ചുകൂടാത്തവണ്ണം മറ്റു സ്ഥലങ്ങളിലുള്ള പ്രസ്താവനകളാൽ പരോക്ഷമായും പഠിപ്പിക്കുന്നു. ഒരു സത്യം കുറെ ഭാഗം പ്രത്യക്ഷമായും കുറെ ഭാഗം പരോക്ഷമായും പഠിപ്പിക്കപ്പെടാവുന്നതാണു. ഉ: ത്രിത്വത്തെക്കുറിച്ചുള്ള ചില ഭാഗങ്ങൾ പ്രത്യക്ഷമായി പ്രസ്താവിക്കപ്പെട്ടിരിക്കെ, മറ്റു ഭാഗങ്ങൾ സൂചനങ്ങളിൽനിന്നു അനുമാനിക്കേണ്ടിയിരിക്കുന്നു.

വി. സഭ, വി. വേദംവഴിയായി സത്യത്തെ പ്രദാനം ചെയ്കയും അതിന്റെ തെറ്റില്ലാത്ത വ്യാഖ്യാതാവായിരിക്കയും ചെയ്യുന്നു. സഭയുടെ സ്വീകാര്യയോഗ്യമായ പുസ്തകങ്ങൾ പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും, സുന്നഹദോസിനാൽ നിയമിക്കപ്പെട്ട കാനോനിക പുസ്തകങ്ങളാകുന്നു. പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള ബന്ധം ഒന്നിൽനിന്നു ഒന്നു വളൎന്നുവന്നു എന്നതാണ്. തെറ്റിൽനിന്നു സത്യത്തിലേക്കു എന്നല്ല, അപൂൎണ്ണതയിൽനിന്നു പൂൎണ്ണതയിലേക്കു എന്നത്രെ നാം ഇവയെക്കുറിച്ചു ധരിച്ചിരിക്കേണ്ടതു. പഴയനിയമം നിഴലും പരിപൂൎണ്ണവളൎച്ചയിൽ എത്താത്തതും, പുതിയനിയമം കാതലും പൂൎണ്ണത പ്രാപിച്ചതും അത്രെ. പഴയനിയമമാണു മ്ശിഹായിലേക്കു നടത്തിയ വഴികാട്ടി. ആകയാൽ പഴയ നിയമവും നമുക്കു സ്വീകാര്യമാണു.

## വി. സഭയും വേദപുസ്തകവും.

വി. വേദം വിശ്വാസത്തിന്റെ ഒരു നിയമപുസ്തകമല്ല. വി. സഭയാണു വി. വേദത്തിന്റെ ആധാരവും വ്യാഖ്യാതാവും. വേദപുസ്തകമല്ല സഭയുടെ ആധാരം. വി. സഭയും വി. വേദവും തമ്മിലുള്ള ബന്ധം എങ്ങിനെ എന്നു വി. പൌലോസു 1 തി



മൊഥി. 3: 14-ൽ കാണിച്ചിരിക്കുന്നു. എന്നാൽ പ്രൊട്ടസ്റ്റന്റുകാർ ബൈബിളും ബൈബിൾ മാത്രവുമാണു മതത്തിന്റെ ആധാരം എന്നു പറയുന്നു. ഇതിനെക്കുറിച്ചു നമുക്കു വിചിന്തനം ചെയ്യാം.

1. യഹൂദസഭയിൽ, വി. വേദം അവരുടെ പ്രശംസയും മഹത്വവും ആയിരുന്നിട്ടും, അവരുടെ മതസംബന്ധമായ തൎക്കങ്ങൾ വി. വേദത്തെ ഓരോരുത്തനും ശോധനചെയ്തു തീരുമാനിക്കാമെന്നു അവർ സ്വപ്നം കാണുകപോലും ചെയ്തിട്ടില്ല. എന്നാൽ അവ, പ്രധാനാചാൎയ്യനാലും, സിന്നഹദ്രിംസംഘത്താലുമത്രെ തീരുമാനിക്കപ്പെട്ടിരുന്നതു (ആവൎത്ത. 17: 8—12) ആചാൎയ്യന്മാർ ഉപദേശം കൊടുക്കത്തക്കവണ്ണം വി. വേദത്തിൽ പരിചയപ്പെട്ടിരിക്കേണമെന്നും ആവശ്യപ്പെട്ടിരുന്നു. (മലാഖി. 2: 7, 8.)

2. യേശുക്രിസ്തുവും ഉപദേശിക്കുന്നതു വി. വേദം നോക്കി അറിയുവാനല്ല, വി. സഭയിൽനിന്നു പഠിക്കുവാനത്രെ (വി. മത്തായി 23: 2, 3) "വി. വേദത്തെ പരിശോധിപ്പിൻ" എന്നു താൻ പറഞ്ഞു എങ്കിൽ അതു ന്യായപ്രമാണത്തിന്റെ ഉപദേഷ്ടാക്കന്മാരായിരുന്ന പരീശന്മാരോടായിരുന്നു. തന്നെക്കുറിച്ചുള്ള മൂന്നു പ്രധാന സാക്ഷികളായ വി. യോഹന്നാൻ മാംദാനായുടേയും (വി. യോഹ. 5: 32, 33; 1: 34), താൻ പ്രവൎത്തിച്ചിട്ടുള്ള അത്ഭുതങ്ങളുടേയും (വി. യോഹ. 5: 36), പിതാവിന്റെയും (വി. യോഹ. 5: 37; വി. മത്തായി. 3: 16, 17; വി. ലൂക്കോസ് 9: 35), സാക്ഷികളാൽ അവൎക്കു വിശ്വസിപ്പാൻ കഴിഞ്ഞില്ലെങ്കിൽ, വി. വേദത്തെ അവൎക്കു തിരസ്കരിക്കാൻ നിവൃത്തിയില്ലായിരുന്നു; ആകയാലത്രെ കൎത്താവു അങ്ങിനെ പറഞ്ഞിട്ടുള്ളതു.

3. വി. വേദത്തിലെ ഒരു വരിപോലും മ്ശിഹാതമ്പുരാൻ എഴുതീട്ടില്ല, എഴുതുവാൻ തന്റെ ശിഷ്യന്മാരോടു കല്പിച്ചിട്ടുമില്ല; പഠിപ്പിക്കുവാനാണു താൻ ശിഷ്യന്മാരെ പറഞ്ഞയച്ചിട്ടുള്ളതു. (വി. മത്തായി 28: 19; വി. മൎക്കോസ്. 16: 15; വി. ലൂക്കൊ. 10: 16) പന്ത്രണ്ടപ്പോസ്തോലന്മാരിലും എഴുപ

Marthoman E Library

ത്തിരണ്ടു അറിയിപ്പുകാരിലും എട്ടുപേർ മാത്രമെ വി. വേദത്തി
ൽ എന്തെങ്കിലും എഴുതിയിട്ടുള്ളു. അതുതന്നെയും പ്രത്യേക
ആവശ്യങ്ങൾ നേരിട്ടപ്പോഴാണ്. വിശ്വാസത്തിന്റെ ഒരാധാ
രമെഴുതിയിടേണമെന്നു മ്ശിഹാതമ്പുരാനാകട്ടെ അപ്പസ്തോല
ന്മാരാകട്ടെ ഒരിക്കലും വിചാരിച്ചില്ലാ.

4. പ്രൊട്ടസ്റ്റന്റുകാർ പറയുംപ്രകാരം, ഇങ്ങനെ ഒരു
കോഡു നമുക്കു ഉണ്ടായി എന്നുതന്നെ വിചാരിക്കുക. എന്നാ
ലും വ്യാഖ്യാതാവാര്? ഓരോ വ്യക്തിയും ആയിരിപ്പാൻ നിവൃത്തി
യില്ലാ. ബൈബിളും ബൈബിളിൽമാത്രവും ആധാരമെങ്കിൽ,
പ്രോട്ടസ്റ്റന്റുകാർക്കു എന്തിനാണ്, പള്ളികളും സണ്ടേസ്കൂളുക
ളും ഉണ്ടായിരിക്കുന്നതു? എന്തിനാണ് അവർ പ്രസംഗിക്കുന്ന
തും, ബാലരെ ഉപദേശം പഠിപ്പിക്കുന്നതും? ബൈബിളിന്റെ
ഒരു പകർപ്പു ഓരോരുത്തർക്കും ഉണ്ടായിരുന്നാൽ പോരയൊ?

5. ഒരു പ്രൊട്ടസ്റ്റന്റു വൈദികൻ (ഉപദേഷ്ടാവ്) ബൈ
ബിളിന്റെ ഒരു പ്രതി ഒരാളുടെ കയ്യിൽ തന്നിട്ടു, "ഇതാ, ഈ
പുസ്തകം എടുത്തുകൊള്ളുക. ഇതിൽ നിങ്ങളുടെ രക്ഷ[illegible]
മുള്ള സകലവുമുണ്ടു" എന്നു പറഞ്ഞാൽ, എങ്ങിനെയാണ് അ
തു ദൈവനിശ്വാസനീയം എന്നും വിശ്വാസത്തിന്റെ ആധാര
മെന്നും നിങ്ങൾ അറിയുന്നതു? എന്തെന്നാൽ, വി. പത്രോ
സിന്റെ സുവിശേഷം, വി. യാക്കോബിന്റെ സുവിശേഷം,
വി. മത്തിയാസിന്റെ സുവിശേഷം, എന്നെല്ലാം നാമം ധരി
ച്ച ക്ഷുദ്രപുസ്തകങ്ങൾ ഉണ്ടായിരുന്നു, അവ പ്രചരിക്കയും ചെ
യ്തിരുന്നു. എന്തുകൊണ്ടാണ് അവ തിരസ്കരിക്കപ്പെട്ടതും ഇ
പ്പോൾ സ്വീകാര്യമായവ സ്വീകരിക്കപ്പെട്ടതും? അതിനുള്ള ന്യാ
യം എന്തു? ഇന്നിന്നവ സ്വീകാര്യമെന്നു വി. സഭ പറഞ്ഞു.
അതുതന്നെ ന്യായം. കാർത്തേജിലെ 3-ാം സുന്നഹദോസിൽ
(ക്രി. 397) വച്ചു ഏതെല്ലാമാണ് കാനോനിക പുസ്തകങ്ങളെ
ന്നും, ഏതെല്ലാമാണ് അപ്പോക്രീഫൽ എന്നും, ഏതെല്ലാമാണ്
ക്ഷുദ്രപുസ്തകങ്ങളെന്നും, പ്രസ്താവിക്കപ്പെട്ടു. നിഖ്യാമുതലായ
സുന്നഹദോസുകളിലും വി. വേദത്തെക്കുറിച്ചു തീരുമാനിക്കപ്പെ
ട്ടിട്ടുണ്ടു. ഇതാണ് വി. വേദത്തിന്റെ സ്വീകാര്യയോഗ്യതക്കു



ഉള്ള ആധാരം. സഭ പറഞ്ഞതുകൊണ്ടാണ് അതു നമുക്കു വി.
വേദമായിരിക്കുന്നതു. ഉപദേശി പറഞ്ഞതുകൊണ്ടല്ലാ. വി.
യാക്കോബിന്റെ ലേഖനത്തെ ലൂഥർ "ഒരു വയ്ക്കോൽലേഖനം"
(a letter of Straw) എന്നു വിളിക്കയുണ്ടായി. ഈ വി. ലേഖ
നത്തെ ലൂഥറിന്റെ വാക്കിനെ ആധാരമാക്കി, തിരസ്കരിക്കാ
മൊ? തിരസ്കരിക്കുമൊ? പാടില്ലാ, ചെയ്കയില്ലാ. വേറെ വല്ലവ
രുടേയും വാക്കിനെ ആധാരമാക്കി സഭ ക്ഷുദ്രമെന്നു തള്ളിയിരി
ക്കുന്ന പുസ്തകത്തെ സ്വീകരിക്കാമൊ? ഒരിക്കലും പാടില്ലാ.

6. വി. സഭയിൽനിന്നാകട്ടെ, എങ്ങിനെയെങ്കിലുമാക
ട്ടെ, ഏതായാലും ദൈവവചനം അടങ്ങിയിരിക്കുന്ന വി. വേ
ദം നമുക്കു കിട്ടിയല്ലൊ; ഇനി അതിനെ നമുക്കു ആധാരമാക്കി
യാൽ പോരയൊ എന്നു പ്രോട്ടസ്റ്റന്റുകാർ പറയുമായിരിക്കാം.
വി. വേദത്തിന്റെമൂലം എബ്രായ, ഗ്രീക്കു എന്നിവകളാകയാ
ൽ, ആ ഭാഷകൾ അറിയാവുന്നവർക്കല്ലാതെ അവയുടെ പരിഭാ
ഷ ശരിയാണൊ എന്നറിവാൻ നിവൃത്തിയില്ലാ. ഇപ്പോളുള്ള
പരിഭാഷകളിൽ അനേകായിരം തെറ്റുകൾ ഉള്ളതായി സമ്മ
തിക്കപ്പെടുന്നു.

7. പരിഭാഷയും മറ്റു സകല കാര്യങ്ങളും ശരിപ്പെട്ടിരി
ക്കുന്നു എന്നുതന്നെ വിചാരിക്കുക. എന്നാലും ഒരു അധികാര
മുള്ള സജീവ വ്യാഖ്യാതാവു ഉണ്ടായിരുന്നേ മതിയാവൂ. വ്യാഖ്യാ
നം കൂടാതെ ഗ്രഹിപ്പാൻ വിഷമമാണെന്നാണ് നാം അറിയുന്ന
തു. (2 പത്രോസ് 3: 16; 1: 20; നടപ്പ്. 8: 31) ഒരു തിക
ഞ്ഞ സഹായിക്കു (a Competent Guide) മൂന്നു പ്രത്യേക ഗുണ
ങ്ങൾ ഉണ്ടായിരിക്കണം.

(a) അതു എല്ലാ അന്വേഷകനും എത്തപ്പെട്ടതായിരിക്ക
ണം. എന്നാൽ വി. വേദം അങ്ങിനെ ആയിരുന്നില്ലാ. ആരം
ഭക്രിസ്ത്യാനികൾക്കെല്ലാവർക്കും വി. വേദം ലഭ്യമായിരുന്നില്ലാ.
ഒന്നാം ശതകത്തിന്റെ അവസാനത്തോടുകൂടിയെ പുതിയ നി
യമത്തിലെ എല്ലാ ഭാഗങ്ങളും എഴുതപ്പെട്ടുള്ളു. വി. വേദം ഉ
ണ്ടാകുന്നതിനു മുമ്പു എഴുപതു സംവത്സരത്തോളം സഭയിൽ
ആളുകൾ ജീവിക്കയും രക്ഷപ്പെടുകയും ചെയ്തിരിന്നു. വി.



Marthoman E Library

വേദത്തിന്റെ കാനോൻതന്നെയും 4-ാം ശതകത്തിന്റെ അവ
സാന ഘട്ടത്തിലെ രൂപപ്പെടുത്തപ്പെട്ടുള്ളു. അതേവരെയുള്ള
ക്രിസ്ത്യാനികൾ ബൈബിൾകൂടാതെ ജീവിക്കയും അനേകം വി
ശുദ്ധർ ഉണ്ടാകയും ചെയ്തു. ഏററവും പൂർണ്ണരായ ക്രിസ്ത്യാനി
കൾ ജീവിച്ചു മരിച്ചിട്ടുള്ളതു, വി. വേദത്തിന്റെ പ്രധാന ഭാ
ഗങ്ങൾ എഴുതപ്പെടുന്നതിനും സ്വീകരിക്കപ്പെടുന്നതിനും മുമ്പാ
ണ്. വേദപുസ്തകം ഉണ്ടായിരുന്നാൽപോലും എല്ലാവർക്കും ഒരു
പ്രതി ലഭിക്കയെന്നതു അസാദ്ധ്യമായിരുന്നു. അച്ചടിയന്ത്രം
തന്നെയും കണ്ടുപിടിക്കപ്പെട്ടതു 15-ാം നൂററാണ്ടിൽ (1440-ൽ)
മാത്രമാണു. ആകയാൽ, ബൈബിളിന്റെ ഒരു പ്രതി ലഭി
ക്കയെന്നതു എത്ര വിഷമമായിരുന്നു എന്നു മനസ്സിലാകുന്നു.
പ്രോട്ടസ്റ്റന്റു ന്യായം സത്യമായിട്ടുള്ളതെങ്കിൽ, അപ്പസ്തോലന്മാർ
ഭാഷയുടെ വരത്തേക്കാൾ അത്യാവശ്യമായിട്ടു അച്ചടിയുടെ വര
മാണു കൊടുക്കേണ്ടിയിരുന്നതു. അതുകൊണ്ടു വി. വേദപുസ്ത
കം ഒരു ഏക സഹായി (Guide) ആയിരിപ്പാൻ നിവൃത്തിയി
ല്ലാ. വി. സഭ ഏവർക്കും പ്രാപ്യമായിരിക്കുന്നതിനാൽ, വി.
സഭ സത്യത്തിന്റെ ഉപദേഷ്ടാവാണു.

(b) അതു എല്ലാവർക്കും ലളിതവും സുഗ്രാഹ്യവുമായിരിക്ക
ണം, എന്നുള്ളതാണു ഒരു തികഞ്ഞ സഹായിയുടെ രണ്ടാമത്തെ
ഗുണം. എന്നാൽ ബൈബിൾ എല്ലാഭാഗങ്ങളും എല്ലാവർക്കും
പഠിപ്പുള്ളവർക്കുപോലും സുഗ്രാഹ്യമല്ലെന്നു തെളിവാണു. (2 പ
ത്രോസ് 3: 16; 1: 20. നടപ്പ 8: 31) എത്യോപ്യായിലെ ക
ന്താക്ക് രാജ്ഞിയുടെ മന്ത്രി സാമാന്യം വിദ്വാനെന്നല്ലാതെ പാ
മരനായി വിചാരിച്ചുകൂടാ (നടപ്പ 8: 27) അദ്ദേഹത്തിനു സു
ഗ്രാഹ്യമല്ലായിരുന്നെങ്കിൽ സാമാന്യർക്കു എങ്ങിനെയാണു വേദ
വ്യാഖ്യാനം സാദ്ധ്യമാകുന്നതു? തനിത്തനി വ്യാഖ്യാനത്താലുള്ള
അബദ്ധത്തിനു ഒരു ദൃഷ്ടാന്തം കാണിക്കാം. "ഇതെന്റെ ശരീ
രമാകുന്നു" എന്ന വാക്കുകൾക്കു നവീകരണകാലത്തിനു മുമ്പു
(Reformation) ഒരർത്ഥമെ ഉണ്ടായിരുന്നുള്ളു. അതിനു ശേഷം
100-ൽ പരം അർത്ഥങ്ങളിൽ അതു വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ടു. കാ
ണുക, എത്ര വിസ്മയമായിരിക്കുന്നു! ഇതിനാലത്രെ അനേക വ



കപ്പുകളും അത്രയും വ്യത്യസ്ഥപ്പെട്ട വ്യാഖ്യാനങ്ങളും ഉത്ഭവിച്ചു
തു. ആകയാൽ സ്വയംവ്യാഖ്യാനസമ്പ്രദായം ഒരിക്കലും ശരിയ
ല്ലാ. വി. വേദം എല്ലാവർക്കും സുഗ്രാഹ്യമല്ലാത്തതിനാൽ തക്കതാ
യ വേറൊരു വ്യാഖ്യാതാവു വേണം. അതു വി. സഭ തന്നെ.

(c) അതു രക്ഷക്കത്യാവശ്യമായ എല്ലാ സത്യങ്ങളേയും പ
ഠിപ്പിപ്പാൻ ശക്തിയുള്ളതായിരിക്കണം എന്നതത്രെ ഒരു തക്ക
സഹായിക്കു ആവശ്യമായ മൂന്നാമത്തെ ഗുണം. വി. വേദത്തി
ൽ എല്ലാ സത്യങ്ങളും അടങ്ങിയിട്ടില്ലാ, അല്ലെങ്കിൽ എല്ലാം പ്ര
ത്യക്ഷമായി പറയപ്പെട്ടിട്ടില്ലാ (വി. യോഹ. 21: 25) ദൃഷ്ടാന്ത
മായി, ഞായറാഴ്ച ആചരിക്കണമെന്നും അന്നേദിവസം ലൌ
കികവേലകളിൽനിന്നു ഒഴിഞ്ഞിരിക്കണമെന്നും വി. വേദത്തി
ൽ കാണുന്നില്ലാ. എന്നാൽ വി. വേദം കല്പിക്കുന്ന ശാബതാ
ചാരം മാററിക്കളയപ്പെടുകയും ചെയ്തിരിക്കുന്നു. ആകയാൽ വി.
സഭക്കു വേദപുസ്തകത്തിൽ പ്രത്യക്ഷമായി പറയപ്പെടാത്ത സം
ഗതികളും പഠിപ്പിക്കുവാൻ അധികാരമുണ്ടു. അതിനു പരിശു
ദ്ധാത്മാവിന്റെ സഹായം വഴിയായി, ക്രിസ്തുവിന്റെ മനസ്സു
ള്ളവരായി, സർവ്വ സത്യത്തെയും പഠിപ്പിപ്പാൻ കഴിയും (1 കൊറ
ന്തി 2: 16. 2 തെസ്സ 2: 14, 15; 3: 6. 2 തീമൊ 2: 2) ദൃഷ്ടാ
ന്തമായി, പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന എന്ന നടപ
ടി ബൈബിളിൽ ഒരിടത്തും കാണുന്നില്ലെങ്കിലും വി. സഭ അ
തു പഠിപ്പിച്ചിരിക്കുന്നു. കൂടാതെ, ശുശ്രൂഷവസ്ത്രങ്ങൾ, തക്സാ,
പ്രാർത്ഥനാക്രമങ്ങൾ, എന്നിവയുടെ ഉപയോഗം, സഭാവർഷം,
പെരുന്നാൾക്രമം, നോമ്പുക്രമം, ശിശുസ്നാനം, മുതലായ ആ
ചാരങ്ങളും പാരമ്പര്യങ്ങളും ഉണ്ടു. വി. വേദത്തിനു സർവ്വവും പ
ഠിപ്പിപ്പാൻ അശക്യമായിരിക്കയാൽ അതു ഒരു തികഞ്ഞ സ
ഹായിയല്ലാ.

എന്നാൽ വി. സഭാ വി. വേദത്തെ വിലകുറക്കുന്നു എ
ന്നു ഒരിക്കലും വിചാരിച്ചുകൂടാ. എന്നാൽ നേരെ മറിച്ചാണു.
വി. വേദം വി. സഭയുടെ ഏററവും വിലയേറിയ ഒരു രത്നമ
ത്രെ. വി. സഭ, അതിനെ വളരെ കരുതലോടെയും ബുദ്ധിമാന
യോടെയും സംരക്ഷിച്ചു ഉപയോഗപ്പെടുത്തിവരുന്നു. അനേക

1. വി. വേദം പരിശുദ്ധാത്മനിശ്വാസനീയം എന്നു അ
ത്തു വിശ്വസിക്കുന്നു. "നിബിയന്മാരിലും ശ്ലീഹന്മാരിലും സംസാ
രിച്ച വി. റൂഹാ" എന്നു പഴയനിയമത്തിന്റെയും പുതിയ
നിയമത്തിന്റെയും ദൈവനിശ്വാസത്തെ പഠിപ്പിക്കുന്നു.

2. സഭയിലെ എല്ലാ ശുശ്രൂഷകളിലും പ്രാർത്ഥനകളി
ലും കർത്താവിന്റെ ദിവസങ്ങളിലും വി. വേദഭാഗങ്ങൾ ക്രമമാ
യി വായിക്കപ്പെടുന്നു.

3. സുവിശേഷത്തിലെ വലിയ സംഭവങ്ങളെ എ ത്തു
അതിന്റെ ഓർമ്മക്ക ദിവസങ്ങളെ നിശ്ചയിച്ച സഭാവർഷത്തി
ലുള്ള പെരുന്നാൾ ക്രമങ്ങളാലും നോമ്പു ക്രമങ്ങളാലും— ആ
സംഭവങ്ങളെ ജനത്തിനു അനുഭവപ്പെടുത്തുകയും അവയുടെ ശ
രിയായ വ്യാഖ്യാനങ്ങളെ ഈ ക്രമങ്ങളാൽ നൽകുകയും ചെയ്യുന്നു.
വി. വേദത്തിന്റെ സത്യമായ വ്യാഖ്യാനം സഭയിലെ പള്ളി
ക്രമങ്ങളാലും ആചാരങ്ങളാലും നമുക്ക ലഭിക്കുന്നു എന്നുള്ളതു മ
റക്കരുതു.

4. വി. വേദത്തെ നാം എടുത്തു പെരുമാറുമ്പോൾ
വളരെ വിശുദ്ധമായും ബഹുമാനമായും കരുതി ഉപയോഗിക്കുന്നു
എന്നാൽ പ്രോട്ടസ്റ്റൻറുകാർക്ക്, വി. വേദത്തിന്റെ ക്രമീ
കരിക്കപ്പെട്ട വായനയോ, അതിന്റെ ക്ലിപ്ത വ്യാഖ്യാനങ്ങളോ
ഇല്ലാ. വി. വേദത്തെ ശരിയായി ബഹുമാനിക്കയും ഉപയോഗ
പ്പെടുത്തുകയും ചെയ്യുന്നതു പ്രോട്ടസ്റ്റൻറുകാരല്ലാ, പരിശുദ്ധ സ
ഭ മാത്രമാണ്.

വി. വേദത്തെ വി. സഭ വ്യാഖ്യാനിക്കുന്നതു, അതു സ്വീ
കരിച്ചിരിക്കുന്ന കാതോലിക വിശ്വാസപ്രമാണത്തിനും പുറമെ
പൊതു സുന്നഹദോസുകളുടെ തീരുമാനങ്ങളിലും, അപ്പസ്തോ
ലിക പിതാക്കന്മാരുടെ എഴുത്തുകളിലും സഭയുടെ തക്സാകളിലും
ക്രമങ്ങളിലും സ്ഥിര പാരമ്പര്യങ്ങളിലും ആചാരങ്ങളിലും ഉപ
ക്രമങ്ങളിലും സ്ഥിര പാരമ്പര്യങ്ങളിലും ആചാരങ്ങളിലും വേദ
പ്പെടുത്തപ്പെട്ടിരിക്കുന്ന വ്യാഖ്യാനങ്ങൾ വഴിയാകുന്നു. വി. വേദ
ത്തിന്റെ കാതോലിക അർത്ഥത്തിനു സഭാംഗങ്ങൾ ഇവയിന്മേ
ലാണു ആശ്രയിക്കുന്നതു.

(തുടരും)



# എന്റെ പച്ചപ്പരമാർത്ഥം.

(സ. ഭ.)

അല്ലെ, കേട്ടില്ലെ, ഒരു വർത്തമാനം! പുതിയ "റോമാറീ
ത്തുവിത്തും" കൊണ്ടു ചില രഹസ്യ ഏജണ്ടുമാർ മലങ്കര സഭയി
ൽ ചുററുന്നുണ്ടത്രേ. അവരെക്കണ്ടാൽ തിരിച്ചറിവാനാണ് വ
ലിയ വിഷമം. വേഷവും നടത്തവുമെല്ലാം പച്ചസുറിയാനി
ക്കാരുടേതുതന്നെ. പക്ഷെ, വിശ്വാസപരിമാണത്തിനുള്ള "തെ
ർമോ മീററർ" വച്ചു നോക്കുമ്പോളാണ് ഇക്കൂട്ടർക്കു കഠിനമായ
റോമാപ്പനി ബാധിച്ചിട്ടുണ്ടെന്നറിയുന്നതു. ഇത്തരക്കാരിൽ ചി
ല പട്ടക്കാരും ഉൾപ്പെട്ടിട്ടുണ്ടെന്നു കേൾക്കുമ്പോൾ പലരും മൂ
ക്കിൽ വിരൽ തള്ളിയേക്കാം.

മലങ്കര സുറിയാനി സഭാചരിത്രത്തിൽ എല്ലാംകൊണ്ടും
പ്രാധാന്യം അർഹിക്കുന്ന ഒരു ദേവാലയമാണു എന്റെ സ്വ
ദേശത്തുള്ളതു. അവിടത്തെ ഇടവകപട്ടക്കാരിലൊരാൾ —ജന
സമ്മതനെല്ലെങ്കിലും ഒട്ടും അപ്രധാനനല്ലാത്ത ഒരു മാന്യവൈ
ദികൻ— സ്ഥലത്തെ ഒരു പൌരപ്രധാനി— ആധുനിക മെ
ത്രാൻ ഭാഗത്തിന്റെ ഒരു നേതാവു—പോരെങ്കിൽ പുതിയ "മ
ലങ്കര അസോസ്യേഷൻ കമ്മററി" മെമ്പ്രന്മാരിൽ ഒരാൾ—
(എന്തിനേറെ പറഞ്ഞു വായനക്കാരെ മുഷിപ്പിക്കുന്നു) അദ്ദേ
ഹത്തിനും "റോമാപ്പനി" ബാ—ധി—ച്ചു! എന്നുതന്നെയുമല്ലാ
പനി മൂർഛ്യാവസ്ഥയിലെത്തി ഇപ്പോൾ ജ്വരമായിത്തീർന്നിരി
ക്കുന്നു! എന്നാൽ അച്ചൻ ബോധരഹിതനായി "പനിപ്പിച്ച"
പറവാൻ തുടങ്ങിയതു രണ്ടുമൂന്നാഴ്ച മുമ്പു വി. കുർബാന മദ്ധ്യേ
മദ്ബഹായിൽനിന്നു കൊണ്ടാണ്. അപ്പോളാണ് ഇദ്ദേഹത്തി
ന്റെ റോമാപ്പനി ജ്വരമായിപ്പരിണമിച്ച പരമാർത്ഥം ഇടവ
ക ജനങ്ങൾ അറിഞ്ഞതും.

ഒരിക്കലും പ്രസംഗം പറയാത്ത നമ്മുടെ അച്ചനവർകൾ
പ്രസംഗത്തിനായി ഭാരവും തലയും മുറുക്കി കണ്ഠശോധനയും
ചെയ്തു തയ്യാറെടുത്തു നില്ക്കുന്നതു കണ്ടപ്പോൾ പലരും ഞെട്ടി

സുക്കളായി വാഴ്‌വും പൊളിച്ചിരുന്നപോയതിൽ അതിശയിപ്പാനില്ലല്ലോ. എന്നാൽ അച്ചൻ പ്രസംഗിപ്പാനല്ല, "പനിപ്പിച്ചു" പറവാനാണ് തുടങ്ങുന്നതെന്നുണ്ടോ ഇടവക ജനങ്ങൾ മനസ്സിലാക്കുന്നു! "ബഥനിയും കൂട്ടരും റോമാ സഭയെ ആശ്ലേഷിച്ചത് സന്ദർഭോചിതവും എല്ലാംകൊണ്ടും അഭിമാനകരവും അഭിനന്ദനീയവുമായിപ്പോയെന്നും, നാമും അവരുടെ ബുദ്ധിപൂർവ്വമായ (!) പ്രവൃത്തിയെ പിന്തുടരുകയാണ് വേണ്ടതെന്നും, പുതിയ റീത്തുപ്രസ്ഥാനം സർവ്വപ്രകാരേണ നമുക്കനുകൂലമാണെന്നും, റോമാ സഭയിൽ ചേർന്നാൽ പട്ടക്കാർക്കു, വിശിഷ്യാ മേൽപ്പട്ടക്കാർക്കു വരുമാനവും ബഹുമാനവും ശതമടങ്ങു വർദ്ധിക്കുമെന്നും, മററുമാണ് അച്ചന്റെ "പനിപ്പിച്ചു" പ്രസംഗത്തിന്റെ രത്നച്ചുരുക്കം.

ഇതിനുംപുറമെ അച്ചനവർകൾ "റോമാച്ചാട്ട" ത്തിന്നായി തയ്യാറെടുക്കുകയാണെന്നും, തന്നോടൊന്നിച്ചു ചാടുവാൻ പലരേയും പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നുമാണ് അറിയുന്നതു. "മലങ്കര അസോസ്സ്യേഷൻ കമ്മററി" മെമ്പർ ചെയ്യുന്ന "ഡ്യൂട്ടി"യെന്താ കൊള്ളാമോ? ഇക്കൂട്ടർക്കു മെമ്പർസ്ഥാനം കൊടുക്കുന്നവരെയാണു സ്തുതിക്കേണ്ടതു! പക്ഷെ, "ഊമരിൽ കൊഞ്ഞൻ സർവ്വജ്ഞൻ" എന്നായിരിക്കാം അവരുടെ സമാധാനം.

എന്തായാലും എന്റെ അച്ചാ! റോമാസഭയെ അഭയം പ്രാപിക്കാതെ ഗത്യന്തരമില്ലാത്ത ചിലർ മലങ്കര സഭയിൽ ഉണ്ടായിരുന്നിരിക്കാം. ഇനിയും ഉണ്ടായിരുന്നേക്കാം. അവർ അവരുടെ നില നോക്കിക്കൊള്ളട്ടെ. അച്ചനെന്തിനാണീ "ഉരുളമറിച്ചിൽ" മറിയുന്നതു? വല്ല വാലുപോയ കുറുക്കന്മാരും അച്ചനെ പറഞ്ഞിളക്കിയിട്ടുണ്ടാവും. ആവശ്യപ്പെടുന്നപ്രകാരം എഴു റീത്തും കണ്ണും മൂക്കുമടച്ചു അനുവദിക്കാനും മററുമുള്ള ദാരിദ്ര്യം ഇന്നു റോമാ സഭയ്ക്കില്ലാ, അച്ചാ! അച്ചനിതുകൊണ്ടൊന്നും അശേഷം കലുങ്ങണ്ട. "ചോററുവേദം" അന്വേഷിക്കാതെ സത്യവിശ്വാസം മുറുകെ പിടിച്ചുകൊൾക. അതാണ് അഭിമാനം. അതാണു രക്ഷാകരം.



പ്രിയ വായനക്കാരെ! ഇതിന്റെയെല്ലാം അർത്ഥം എന്താണു? "കുഞ്ഞാട്ടിന്റെ വേഷം ധരിച്ചുകൊണ്ടു കടിച്ചു ചീന്തുന്ന ദുഷ്ടചെന്നായ്ക്കൾ" നമ്മുടെയിടയിൽ ധാരാളമായി കണ്ടുതുടങ്ങിയിരിക്കുന്നു. യൂദാസ്കറിയോത്തായേപ്പോലെ സഭയെ ഒററിക്കൊടുക്കുന്ന സമുദായദ്രോഹികളും മതവിദ്വേഷികളുമായ പട്ടക്കാരായ അനവധി "പട്ടാളക്കാർ" മലങ്കര സഭയിൽ എഴുന്നീററിട്ടുണ്ടു. വേഷപ്പകിട്ടിലോ, കപടതന്ത്രങ്ങളിലോ, മായാപ്രസംഗങ്ങളിലോ, ആരും വീണുപോകരുതെ. "ഞങ്ങൾ പഠിപ്പിച്ച വിശ്വാസങ്ങൾക്കെതിരായി ഒരു ദൈവദൂതൻ തന്നെ വന്നു പ്രസംഗിച്ചാലും അവൻ ശപിക്കപ്പെട്ടവൻ," എന്നത്രേ വി. പൌലൂസപ്പോസ്തോലൻ നമ്മെ ഉൽബോധിപ്പിക്കുന്നതു. ശത്രുമിത്രങ്ങളെ തിരിച്ചറിവാൻ പ്രയാസമുള്ള ഇക്കാലത്തു നാം വളരെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. സഭയിൽ പലേ പട്ടക്കാർക്കും കഠിനമായ "റോമാപ്പനി" ബാധിച്ചിട്ടുണ്ടു. ഈ സാംക്രമികരോഗം കാട്ടുതീപോലെ പടർന്നുപിടിപ്പാനും തുടങ്ങിട്ടുണ്ടു. ഈ മഹാ അഗ്നിയെ കെടുത്തുന്നതിനു സത്യവിശ്വാസത്തിനു മാത്രമേ കഴിവുള്ളു. ഇതു നമ്മിലേക്കു ധാരാളമായി ചൊരിയുന്നതിനുവേണ്ടി എന്നോടൊപ്പം നിങ്ങളും പ്രാർത്ഥിപ്പിൻ.

# സണ്ടേസ്ക്കൂൾ അദ്ധ്യാപക യോഗങ്ങൾ.

മഴുവന്നൂർ സെന്റർ സണ്ടേസ്കൂൾ അദ്ധ്യാപക സംഘത്തിന്റെ നാലാമത്തെ യോഗം കന്നി 28-ാംനു- ശനിയാഴ്ച മഴുവന്നൂർ പള്ളിഹാളിൽ വച്ചു ദിവ്യശ്രീ പി. എം. തോമസ് കത്തനാർ അവർകളുടെ അദ്ധ്യക്ഷതയിൽ ഭംഗിയായി നടന്നിരിക്കുന്നു. റിപ്പോർട്ടുവായന, ഗുണദോഷനിരൂപണക്ലാസ്, പ്ര

സംഗം മുതലായവക്കു ശേഷം ധ്യാനം നടത്തുകയും 29-ാംനു- ഞായറാഴ്ച അദ്ധ്യാപകന്മാർ കുമ്പസാരിച്ചു വിശുദ്ധ കർബ്ബാന അനുഭവിക്കയും ചെയ്തു.

* * * * * * *

വാളകം സെൻററിലുള്ള അദ്ധ്യാപകന്മാരുടെ ഒരു ധ്യാനയോഗം തുലാം 5-ാംനു- ശനിയാഴ്ച കന്നാസ്സാൽ പള്ളിയിൽ വച്ചു നടത്തപ്പെട്ടു. അസോസേഷ്യൻ സിക്രട്ടറി മിസ്റ്റർ കെ. കെ. അയ്പോര ബി. ഏ. യോഗത്തിൽ സംബന്ധിച്ചിരുന്നു എന്നു പ്രത്യേകം പ്രസ്താവ്യമാണു. അന്നേദിവസം ധ്യാനവും കുമ്പസാരവും കഴിഞ്ഞു ഞായറാഴ്ച വിശുദ്ധ കർബ്ബാന അനുഭവിച്ചു എല്ലാവരും പിരിഞ്ഞു.

* * * * * * *

അങ്കമാലി സെൻററിൽപെട്ട സണ്ടേസ്കൂൾ അദ്ധ്യാപകസംഘത്തിൻെറ 52-ാമത്തെ യോഗം തുലാമാസം 6-ാംനു- ഞായറാഴ്ച മേയ്ക്കാട്ട് ശ്രീയേശുവിലാസം സണ്ടേസ്കൂൾ ഹോളിൽ വെച്ചു ദിവ്യശ്രീ സി. വറുഗീസ് ശെമ്മാശൻ അവർകളുടെ അദ്ധ്യക്ഷതയിൽ ഭംഗിയായി നടത്തിയിരിക്കുന്നു.

* * * * *

പുത്തൻകുരിശു സെൻററിലെ 1930-ലെ 3-ാമത്തെ അദ്ധ്യാപകയോഗം തുലാം 12-ാംനു- ശനിയാഴ്ച നീറാമ്മുകളേൽപള്ളിയിൽവച്ചു ദിവ്യശ്രീ കെ. ഐ. ജോസേഫ് കത്തനാർ അവർകളുടെ അദ്ധ്യക്ഷതയിൽ ഭംഗിയായി നടത്തിയിരിക്കുന്നു. ദിവ്യശ്രീ സി. വി. അബ്രഹാം ശെമ്മാശൻ അവർകളുടെ പ്രസംഗം യോഗത്തെ പൂർവ്വാധികം വിജയകരമാക്കിത്തീർത്തു എന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണു.

* * * * * * *

കുന്നംകുളം സെൻററിലെ അദ്ധ്യാപകയോഗം തുലാം 13-ാംനു- ഞായറാഴ്ച ദിവ്യശ്രീ ചെറുവത്തൂർ മത്തായികത്തനാർ അവർകളുടെ അദ്ധ്യക്ഷതയിൽ കുന്നംകുളം മാർ ഒസ്താത്യോസ് ഹോളിൽവെച്ചു ഭംഗിയായി നടത്തപ്പെട്ടു. ഗ്രൂപ്പ് ഇൻസ്പെക്ടർ ററി. പി. ഇട്ട്യേര മാസ്റ്റർ അവർകൾ "സണ്ടേസ്കൂൾ അദ്ധ്യാ



പകന്മാരുടെ ചുമതലകളെ" സംബന്ധിച്ചും പി. ററി. ഇട്ടൂപ്പ് മാസ്റ്റർ അവർകൾ സണ്ടേസ്കൂളുകളിൽ മതസംഗതികൾ പഠിപ്പിക്കുന്നതിൻെറ പ്രാധാന്യതയെ സംബന്ധിച്ചും ഓരോ പ്രസംഗം പറകയുണ്ടായി.

—:o:—

മലങ്കര സണ്ടേസ്കൂൾ

## അസോസേഷ്യൻ പംക്തി.

—:o:—

### 1. അദ്ധ്യാപകപരീക്ഷ.

കന്നിമാസത്തിലെ മാസികയിൽ പ്രസിദ്ധീകരിച്ച തീയ്യതിയെ വ്യത്യാസപ്പെടുത്തി, അദ്ധ്യാപകപരീക്ഷ വരുന്ന മേടമാസത്തിലേക്കു നീട്ടിയിരിക്കുന്നു. കൃത്യമായ തീയ്യതി പിന്നാലെ അറിയിക്കുന്നതാണ്.

ഇപ്പോൾ അപേക്ഷ അയച്ചിട്ടുള്ള അദ്ധ്യാപകന്മാർക്കു ആഗ്രഹമുണ്ടെങ്കിൽ കൂടുതൽ വിഷയങ്ങൾക്കു ചേരുവാനും, പഠിക്കാൻ സമയമില്ലായ്കയാൽ ചേരാതിരിക്കുന്നവർക്കു എതെങ്കിലും ഒരു വിഷയത്തിനെങ്കിലും ചേരുവാനും, സൌകര്യമുണ്ടാകുന്നതിനുവേണ്ടിയാണു നീട്ടിയിരിക്കുന്നതു.

എല്ലാ അദ്ധ്യാപകന്മാരും ഈ കാര്യത്തിൽ ഇനിയെങ്കിലും ഉണരുവാനപേക്ഷ. 1931 മകരം 30 നു-യ്ക്കു മുമ്പു ഇവിടെ കിട്ടത്തക്കവണ്ണം അപേക്ഷ അയയ്ക്കണം.

N. B. മുൻപരസ്യത്തിൽ ഒന്നാംഭാഗത്തിനുള്ള വിഷയവിവരത്തിൽ "അദ്ധ്യാപനസഹായി" എന്ന പുസ്തകം ചേർത്തിട്ടുണ്ടു. ആ പുസ്തകം പ്രത്യേകം പഠിക്കേണ്ട ആവശ്യമില്ലെന്നും കൂടി അറിയിച്ചിരിക്കുന്നു.

—*:☺:*—



Marthoman E Library

മലങ്കര സണ്ടേസ്കൂൾ അസോസിയേഷ്യൻ വിദ്യാർത്ഥികൾക്കായുള്ള വാർഷികപരീക്ഷയുടെ
പ്രോഗ്രാം 1930

| ക്ലാസ്സ | 1930 ധനു 15-ാനു- ഞായറാഴ്ച | സമയം P. M. | 1930 ധനു 22-ാംനു- ഞായറാഴ്ച | സമയം P. M. |
|---|---|---|---|---|
| ഏഴ | നടപ്പുകളുടെ പുസ്തകവും മതസംഗതിയും | 2മണിമുതൽ 5മണി വരെ | സഭാചരിത്രവും യാക്കോബിൻെറ ലേഖനവും | 2— 5 |
| ആറ | നടപ്പുകളുടെ പുസ്തകവും മതസംഗതിയും | 2— 5 | സഭാചരിത്രവും ഫിലിപ്പിയ ലേഖനവും | 2— 5 |
| അഞ്ച | നമസ്കാരവും പുതിയ നിയമവും | 2— 4.30 | പഴയനിയമവും മതസംഗതിയും | 2 – 4.30 |
| നാല | നമസ്കാരം, പുതിയനിയമം, കുർബാനക്രമം | 2— 4.30 | പഴയനിയമം, ചോദ്യോത്തരം, പെരുന്നാളുകൾ | 2— 4.30 |
| മൂന്ന | പുതിയനിയമം, കുർബാനക്രമം, നമസ്കാരം | 2— 4 | പഴയനിയമം, ചോദ്യോത്തരം, പെരുന്നാളുകൾ | 2— 4 |
| രണ്ട | വേദകഥകൾ | 2— 4 | നമസ്കാരവും ചോദ്യോത്തരവും | 2— 4 |
| ഒന്ന | നമസ്കാരവും ചോദ്യോത്തരവും | 2— 3.30 | വേദകഥകൾ | 2— 3.30 |
| ശിശു | നമസ്കാരവും വേദകഥകളും | 2— 3.30 | ........ ......... ..... ......... | |

മ. സ. അ. ആഫീസ് മുളന്തുരുത്തി. 1930 തുലാം 30 കെ. പൈ. അയ്പോര, ജോയിൻെറ സിക്രട്ടരി



# "ബഥനിയുടെ വഞ്ചന"

—:*:—

(പട്ടശ്ശേരിൽ പൌലൂസ് മാപ്പിള)

ഉദ്ദേശം രണ്ടുവർഷത്തോളമായി ഞാൻ സഭാസംബന്ധമായ വാദപ്രതിവാദരംഗത്തിൽനിന്നും നിശ്ശേഷം പിൻവലിഞ്ഞിരിക്കുകയായിരുന്നു. എന്നാൽ ഈ ആധുനിക കാലത്തു എൻെറ മാതാവായ സുറിയാനി സഭയെ ബാധിച്ചിട്ടുള്ള ഈ വിഷമാവസ്ഥയിൽ "ഞാനേതും അറിഞ്ഞില്ലാ എൻെറ നാരായണ" എന്ന ഭാവേന മൌനം ദീക്ഷിക്കുന്നതു ഒരിക്കലും ക്ഷന്തവ്യമല്ലാത്ത അപരാധമായിരിക്കും എന്ന കരുതലാണ വീണ്ടും എൻെറ പേനയെ ഒരു വിഷയത്തിന്നുതന്നെ ചലിപ്പിക്കുവാൻ ഞാൻ നിർബന്ധിതനായതു. ബഥനിക്കാരുടെ മതം മാററത്തേയും അതിന്നു അവരെ പ്രേരിപ്പിച്ചിട്ടുള്ള ഓരോ സംഗതികളെയുംസംബന്ധിച്ചു സുറിയാനി സഭാമണ്ഡലത്തിൽ ഇപ്പോൾ ധാരാളം വാദപ്രതിവാദങ്ങൾ നടന്നുവരുന്നതുകൊണ്ടു അതു സംബന്ധമായി അധികം ഞാനും പ്രതിവാദിക്കേണമെന്നുദ്ദേശിക്കുന്നില്ല. എങ്കിലും സുറിയാനി സമുദായത്തിൽ "കാഹളം" മുഴക്കി വഴക്കുണ്ടാക്കുവാൻ ബദ്ധശ്രദ്ധനായിരുന്ന ആധുനിക എഴുത്തച്ഛൻ പുലിക്കോട്ടു റമ്പാച്ചൻ അവർകളും മററുംകൂടി ഈയിടെ പുറപ്പെടുവിച്ച "കുഴൽ കണ്ണാടി"യിൽ കാണിച്ചിരിക്കുന്ന ചില വഞ്ചനകളെ ഇവിടെ വെളിപ്പെടുത്തേണമെന്നു മാത്രമേ തല്ക്കാലം ഞാനുദ്ദേശിക്കുന്നുള്ളു. എന്നാൽ ലേഖനവിഷയത്തിലേക്കു പുറപ്പെടുന്നതിന്നുമുമ്പായി റോമ്മാസഭയിൽ മാത്രമേ രക്ഷയുള്ളു മററുമെങ്ങുമില്ലാ എന്നു ജുഗുപ്സാവഹമായ വിധം കൊട്ടിഘോഷിച്ചു വരുന്ന പട്ടക്കാരുടെ സംഖ്യ ഈയിടെയായിട്ടു ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെങ്കിലും അവർക്കു തങ്ങളുടെ ആ പ്രസ്താവനയിൽ എത്രമേൽ വിശ്വാസവും ധൈര്യവും ഉണ്ടെന്നു കാണിപ്പാൻ ഉദ്ദേശം 28 കൊല്ലംമുമ്പു ജമ്മനിയിലുണ്ടായ ഒരു സംഭവത്തെ [illegible] അക്കാലത്തു ഒരു ജമ്മൻപത്രം പ്രസ്താവിച്ചിരുന്നതു താഴെ [illegible] ചേർക്കുന്നതു സന്ദർഭോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

"ബവേറിയ എന്ന ദേശത്തു ഒരു പട്ടണത്തിൽ [illegible]

മ്മാപള്ളിയിലെ വികാരി പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ റോമ്മാസഭയോടു ഭിന്നിച്ചു നില്ക്കുന്ന പഴയക്രൂറുകാർ അഥവാ പഴയ കാതോലിക്കർ * എല്ലാം നരകത്തിൽ പോകുന്നതാണു. ഞാൻ ഈ പറഞ്ഞതു സത്യമല്ലെങ്കിൽ സാത്താൻ എന്നെ ആ സ്ഥലത്തേക്കുകൊണ്ടുപോകട്ടേ"യെന്നു പറഞ്ഞുകൊണ്ടു ഗൌരവത്തോടു പുല്പിറ്റിൽ അടിച്ചപ്പോൾ അതിന്മേൽ ഉണ്ടായിരുന്ന ഒരു പുസ്തകം താഴെ വീണു. ഈ സമയത്തു പുല്പിറ്റിന്നു കീഴിൽ ഒരു അമേരിക്കനും അദ്ദേഹത്തിന്റെ ഭൃത്യനായ ഒരു കാപ്പിരിക്കൊച്ചനും ഇരുന്നിരുന്നു. കാപ്പിരിയെ പാദ്രി കണ്ടില്ലെന്നു മാത്രമല്ലാ കാപ്പിരിയുടെ മുഖഛായപോലും അതിനുമുമ്പു അദ്ദേഹം കണ്ടിട്ടുണ്ടായിരുന്നില്ലാ. താഴെ വീണ പുസ്തകമെടുത്തു കൊടുപ്പാൻ യജമാനൻ ആംഗ്യംകാണിച്ചതനുസരിച്ചു കൊച്ചൻ പുസ്തകമെടുത്തു പുല്പിറ്റിലേക്കു പ്രവേശിക്കുന്നതു കണ്ടപ്പോൾ ആ സ്വരൂപം സാക്ഷാൽ പിശാചു തന്നെയെന്നു പാദ്രി തെററിദ്ധരിക്കയും അദ്ദേഹത്തെ പിടിച്ചു നരകത്തിലേക്കു കൊണ്ടുപോകുവാൻ ഭാവിക്കയാണെന്നു കരുതി താൻ മുമ്പു പഴയ കാതോലിക്കരെക്കുറിച്ചു പറഞ്ഞതു അബദ്ധമെന്നുകരുതിക്കൊണ്ടു "പഴയ കാതോലിക്കരിലും നല്ല മനുഷ്യർ ഇല്ലെന്നില്ല"യെന്നു പറഞ്ഞു. ഇത്രയും പറഞ്ഞു പിശാചിന്റെ നേരെ വീണ്ടും നോക്കിയാറെ അവൻ സാവധാനത്തിൽ അടുത്തു വരുന്നതുകൊണ്ടു വീണ്ടും ഭയന്നു ഇപ്രകാരം പറഞ്ഞു. "പഴയ കാതോലിക്കരെല്ലാം നമ്മേക്കാൾ നല്ലവരാണു,

* ഇവിടെ പഴയക്രൂറുകാർ അഥവാ പഴയ കാതോലിക്കർ എന്നു പറയുന്നതു പാപ്പായുടെ തലയിൽ അപ്രമാദിത്വവരം അഥവാ റോമ്മാസഭയിലെ ഒരു പ്രസിദ്ധ കർദ്ദിനാളായ ന്യൂമാൻ പറയുംപ്രകാരം "ഈ വല്ലാത്ത ആപത്തു" കെട്ടിവയ്ക്കുവാൻ 1870—ൽ വത്തിക്കാൻ സൂനഹദോസ്സിൽ വച്ചു പാപ്പാപക്ഷവാദികൾ ശ്രമിച്ചപ്പോൾ അതിന്റെ സാഹസത്തേയും ഭയങ്കരത്വത്തേയും സ്മരിച്ചു അതിനോടു മുക്തകണ്ഠം എതിർത്തുനിന്ന ആ സഭയിൽപ്പെട്ട പ്രസിദ്ധ ശാസ്ത്രജ്ഞന്മാരായ അനേകം ബിഷോപ്പന്മാരേയും മററും കഴുത്തിന്നുപിടിച്ചു വെളിക്കു തള്ളുകയും അതിങ്കൽ അവിടെവച്ചു റോമാസഭ രണ്ടായി പിരിയുകയും പാപ്പാപക്ഷവാദികളെ പുത്തൻക്രൂറുകാർ അഥവാ പുതിയ കഥോലിക്കർയെന്നും മറുപക്ഷക്കാരെ പഴയക്രൂറുകാർ അഥവാ പഴയ കാതോലിക്കർയെന്നു വിളിച്ചു വരികയും ചെയ്തു.

Marthoman E Library



അല്ലെങ്കിൽ സാത്താൻ എന്നെ കൊണ്ടുപോകട്ടെ"യെന്നു പറഞ്ഞിട്ടും താൻ കണ്ട സാത്താൻ പിൻമാറാതെ പുല്പിറ്റിന്റെ ഗോവിണി കയറി അടുത്തപ്പോൾ പാദ്രി മോഹിച്ചു വീണുപോയി. ബോധംവീണു മററുള്ളവർ യഥാർത്ഥം പറഞ്ഞപ്പോൾ മാത്രമാണു ആ സ്വരൂപം സാത്താൻ അല്ലാ ഒരു മനുഷ്യൻതന്നെയായിരുന്നുവെന്നു അദ്ദേഹത്തിന്നു മനസ്സിലായതു."

നമ്മുടെ വേഷധാരികളുടെ കുഴൽക്കണ്ണാടിയിൽ, സുറിയാനി സഭയുടേയും റോമ്മാസഭയുടേയും വിശ്വാസവിഷയത്തിൽ പറയത്തക്ക യാതൊരു വ്യത്യാസവും ഇല്ലായ്കയാൽ സ്വന്തമാതാവിനെ പരിത്യജിച്ചു സമ്പന്നയായ മറെറാരുവളെ സ്വീകരിക്കുന്നതിൽ എന്താണു അബദ്ധമുള്ളതുയെന്നാണു അവർ ചോദിക്കുന്നതു. ലോകാവസാനം അടുത്തു വരുന്നതുകൊണ്ടു ബഥനിപ്രഭൃതികളുടെ ഇതുപോലെയുള്ള മനസ്ഥിതിക്കാർ വർദ്ധിച്ചു വരുവാൻ എളുപ്പമുള്ളതുകൊണ്ടും, വിശ്വാസ വിഷയത്തിൽ വ്യത്യാസം ഇല്ലായിരുന്നുവെങ്കിൽ അവൾ എത്രതന്നേ വേശ്യയായാലും സമ്പന്നയാകയാൽ പതിവ്രതയായ സ്വന്ത മാതാവിനെ ഉപേക്ഷിക്കാമായിരുന്നു. എന്നാൽ അതിനു നിശ്ചയമില്ലാതെയായിട്ടാണു കാണുന്നതു. കാരണം വിശ്വാസ വിഷയത്തിലും അവൾ അതുപോലെതന്നെ വ്യഭിചരിക്കപ്പെട്ടുപോയിയെന്നു പിന്നാലെ വരുന്ന ലേഖനപരമ്പരകളിൽനിന്നും നന്നായി ഗ്രഹിക്കാവുന്നതാണു.

(തുടരും)

# റോമാസഭയുടെ വിശ്വാസ പിശകുകൾ.

എഫ്. പി.

(സുറിയാനിയിൽനിന്നു തർജ്ജമ)

## 1. പരിശുദ്ധറൂഹായുടെ പുറപ്പാടു.

പരിശുദ്ധ റൂഹാ പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു എന്നുള്ള റോമാസഭയുടെ വിശ്വാസം സുവിശേഷത്തിനും ആദ്യസഭയുടെ വിശ്വാസത്തിനും വിപരീതമാകുന്നു.

"എന്റെ പിതാവിന്റെ അടുക്കൽനിന്നു പുറപ്പെടുന്ന സത്യത്തിന്റെ ആത്മാവായി എന്റെ പിതാവിന്റെ അടുക്കൽനിന്നു ഞാൻ നിങ്ങൾക്കു അയക്കുന്ന ആശ്വാസപ്രദൻ വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷിപ്പെടുത്തും" (യോഹ 15: 26) ഈ വാക്യത്തെ അടിസ്ഥാനപ്പെടുത്തി വിശുദ്ധ സഭ ഇന്നേയോളം ഏററുപറയുന്നപ്രകാരവും പൊതു സുന്നഹദോസുകളാൽ ഏല്പിക്കപ്പെട്ട പ്രകാരവും പരിശുദ്ധ റൂഹായുടെ പുറപ്പാടു പിതാവിൽനിന്നു മാത്രമാകുന്നു എന്നു ഉറപ്പായും പരബോധമായും ഇരിക്കുന്നു. എന്നാൽ റോമാസഭ ഈ കർത്തൃവാക്യത്തേയും ദിവ്യ നിർണ്ണയത്തേയും ഭേദപ്പെടുത്തി. ഈ വിപരീതത്തിനു വേണ്ടി പ്രതിവാദിപ്പാൻ ആവശ്യം നേരിട്ടപ്പോൾ തങ്ങളോടു ചേരുന്നവരെ വഞ്ചിപ്പാൻ ആഗ്രഹിക്കയും ദുർവ്യാഖ്യാനങ്ങൾ ഉണ്ടാക്കുകയും ചെയ്തു. അവർ ഉപദേശിക്കുന്നതു "പുറപ്പെടുക" എന്നും "അയക്കുക" എന്നും ഉള്ള പദങ്ങൾ ഒന്നുതന്നെ ആകുന്നു എന്നത്രെ. എന്നാൽ "പുറപ്പെടുക" എന്ന പദം ഒന്നിനേയും "അയക്കുക" എന്ന പദം മറെറാന്നിനേയും ആണു നിർദ്ദേശിക്കുന്നതെന്നു കാര്യ വിവരമുള്ള എല്ലാവർക്കും അറിയാവുന്നതാണ്. എങ്ങിനെയെന്നാൽ "പുറപ്പാടു" പുറപ്പെടുന്നതിനേയും "അയയ്ക്കൽ" പുറപ്പെട്ടതിനു ശേഷം അയയ്ക്കുന്നതിനേയുമാണു സൂചിപ്പിക്കുന്നതു. കുസ്തന്തീനോസിലെ രണ്ടാമത്തെ സാർവ്വത്രിക സുന്നഹദോസ് ഇങ്ങിനെ സ്ഥിരപ്പെടുത്തിയിരിക്കുന്നു. (റോമാക്കാർ 1888-ൽ അവരുടെ ആവശ്യത്തിലേക്കായി അച്ചടിച്ചിട്ടുള്ള "സാർവ്വത്രിക സുന്നഹദോസുകളുടെ പുസ്തകം" 35-ാംപുറം നോക്കുക)

ഒമ്പതാം നൂററാണ്ടുവരെ റോമാസഭയും ഇങ്ങിനെ വിശ്വസിക്കുകയും ഏററുപറകയും ചെയ്തുപോന്നിരുന്നു. പരിശുദ്ധാത്മാവു പുത്രനിൽനിന്നും കൂടെ പുറപ്പെടുന്നു എന്ന മതവിപരീതിയായ ലൂക്കിയോസ് ഉണ്ടാക്കിയ ഇടത്തൂടിനെ 808-ാമാണ്ടു വാണിരുന്ന മൂന്നാമത്തെ ലെയോൻപാപ്പാ അംഗീകരിച്ചില്ല. പൂർവ്വീക വിശ്വാസം വ്യത്യാസംകൂടാതെ പാലിക്കപ്പെടേണ്ടതിന്നായി ലത്തീൻ, ഗ്രേക്ക് എന്ന രണ്ടു ഭാഷകളിൽ പ്രസ്തുത പൂ



ർവ്വീക വിശ്വാസകാനോൻ രണ്ടു വെള്ളി പലകകളിന്മേൽ അദ്ദേഹം എഴുതിപ്പിച്ചു റോമാ പള്ളിയിൽവെച്ചു. 872-ൽ വാഴ്ച ഏററ എട്ടാം യോഹന്നാൻ പാപ്പാ തന്റെ സ്ഥാനാരോഹണാനന്തരം മൂന്നാം കൊല്ലത്തിൽ 383 എപ്പിസ്കോപ്പന്മാർ (എല്ലാവരും പാശ്ചാത്യർ) ചേർന്ന ഒരു സുന്നഹദോസു കൂട്ടി വിശേഷാൽ ചേർത്ത ഈ ഭാഗം ഉപേക്ഷിക്കയും പൂർവ്വീക വിശ്വാസ നിശ്ചയത്തോടു എന്തെങ്കിലും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്ന എല്ലാവരേയും ശപിക്കുകയും ചെയ്തു. *(അൽജവാഹർ അൽ ഫക്രിയഥ് പിൽ [illegible]ല്ലഥ് അൽ ഇൻ ബഥാക്കിയഥ് എന്ന പുസ്തകം 7-ാംഭാഗം) ഈ പാശ്ചാത്യ സുന്നഹദോസിലെ ശാപത്തേയും നിശ്ചയങ്ങളേയും നാം കണ്ടുവല്ലൊ. അവയെ ഇവിടെ രേഖപ്പെടുത്തിയതു അതിന്റെ കാനോനാകളെ വിശ്വസിക്കയും അതിന്റെ പ്രമാണങ്ങളെ ഏററുപറകയും ചെയ്യുന്ന റോമാക്കാർ തങ്ങളുടെ ആദ്യ സഭയിൽനിന്നും കൂടെ ശപിക്കപ്പെട്ടവരാകുന്നു എന്നു അറിയേണ്ടതിന്നാകുന്നു. [illegible]യതു രണ്ടാം സാർവ്വത്രിക സുന്നഹദോസിൽ നിശ്ചയിച്ചുറപ്പിക്കപ്പെട്ട വിശുദ്ധ വിശ്വാസനിയമം ഒഴിച്ചു വേറൊരു നിയമം ധിക്കാരമായി എഴുതുകയോ ആ പരിശുദ്ധന്മാരുടെ മാന്യതയേയും വിശ്വാസ സമ്മതത്തേയും അവഗണിച്ചു അതിനെ വിശ്വാസ നിശ്ചയം എന്നു നാമകരണം ചെയ്യുകയോ, വിശ്വാസികളുടേയും ഇടത്തൂട്ടുകാരിൽനിന്നു നമ്മിലേക്കു തിരിയുന്നവരുടേയും ഉപദേശത്തോടു കൂട്ടുകയോ പൂർവ്വീക നിശ്ചയത്തെ അധികമായിട്ടോ അല്പമായിട്ടോ അശുദ്ധമാക്കുകയോ ചെയ്യുന്നവർ പൌരോഹിത്യഗണത്തിൽ പെട്ടവനായിരുന്നാൽ മുഴുവനായി മുടക്കപ്പെട്ടു തള്ളപ്പെടുകയും അത്മേനി ആയിരുന്നാൽ ശപിച്ചു മഹറോൻ ചൊല്ലപ്പെടുകയും ചെയ്യപ്പെടുമെന്നാണു.

വിശ്വാസ കാനോനാകളോടു ഇങ്ങിനെ ചിലതു കൂട്ടുകയാൽ ഇപ്പോഴത്തെ റോമാക്കാർ എല്ലാവരും ശാപത്തിന്റേയും മഹറോന്റേയും കീഴാകുന്നു എന്നു പൂർവ്വീകമായി നിശ്ചയിക്കപ്പെട്ട ഈ സുന്നഹദോസ് നിശ്ചയത്തിൽനിന്നു മനസ്സിലാക്കാം. ഇങ്ങിനെ കൂട്ടിച്ചേർത്തതു റോമാസഭയിൽ കാനോനികമായി

* "പുറപ്പാടിന്റെ കാരണത്തെ സംബന്ധിച്ചുള്ള വിലയേറിയ രത്നങ്ങൾ"

നിശ്ചയിച്ചിട്ടില്ല. 999-ൽ ബനഡിക്ട് പാപ്പാ ഈ ഉപദേശത്തെ പരസ്യമായി ഏററുപറഞ്ഞ് സ്വീകരിക്കുകയും ഇങ്ങിനെ പിന്നീട് റോമാസഭ മുഴുവനും ഇതു വ്യാപിക്കയും ചെയ്തിട്ടുള്ളതാകുന്നു. (തുടരും)

## കുറിപ്പുകളും വാർത്തകളും.

കൈപ്പററി: ഇമ്മട്ടി മാത്യു ജോസെഫ അവർകളാൽ രചിക്കപ്പെട്ട "ഭ്രാതൃസ്നേഹം" എന്ന പുസ്തകവും തൃക്കോതമംഗലം ശർബിൽ ദയറാ വകയായി പ്രസിദ്ധപ്പെടുത്തീട്ടുള്ള "മാർ ശർബിൽ ദയറായുടെ ജീവചരിത്രവും" നന്ദിയോടെ കൈപ്പററിയിരിക്കുന്നു.

കൊലചെയ്തു: ചൈനായിൽ കവർച്ചക്കാർ പിടിച്ചുകൊണ്ടുപോയിരുന്ന മിസ് ഹാരിസൺ, മിസ് നെററിൽട്ടൺ എന്ന മിഷ്യണറി സ്ത്രീകളെ കൊലചെയ്തിരിക്കുന്നു.

Marthoman E Library

പ്രസിഡണ്ടു ക്രിസ്ത്യാനിയായി: ചൈനായിലെ ദേശീയ ഗവർമ്മെണ്ടിൻെറ പ്രസിഡണ്ടായ ചിയാങ്ങ്—കെയ്—ഷേക്ക് അവർകൾ ക്രിസ്തുമതം സ്വീകരിച്ചിരിക്കുന്നു.

പ്രതിനിധിയുടെ ശീമയാത്ര: മൂസൽ സുന്നഹദോസിൽ സംബന്ധിപ്പാനായി മലങ്കരെ അന്ത്യോഖ്യാ പ്രതിനിധി നി. വ. ദി. ശ്രീ. മാർ യൂലിയോസ്സ് ബാവാ തിരുമനസ്സുകൊണ്ടു മൂസലിലേക്കു ഉടനെ പുറപ്പെടുന്നതാണു.

മണ്ണൂർ കൺവൻഷ്യൻ: വരുന്ന ധനു 5, 6, 7, 8 എന്നീ തിയതികളിൽ മണ്ണൂർ പള്ളിപ്പറമ്പിൽവെച്ചു കണ്ടനാട്ടു ഭദ്രാസന ഇടവകയുടെ നി. വ. ദി. ശ്രീ. ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ സുവിശേഷപ്രസംഗ മഹായോഗങ്ങൾ നടത്തപ്പെടുന്നതാണെന്നും പ്രധാന പ്രാസംഗികന്മാർ ദിവ്യ ശ്രീമാന്മാരായ പുത്തൻവീട്ടിൽ യാക്കോബുകത്തനാർ, പി. ജെ. തോമാസ് ശെമ്മാ



ശൻ എം. എ. കേളച്ചന്ത്ര മക്കോസ് കത്തനാർ എന്നിവരായിരിക്കുമെന്നും ഭാരവാഹികൾ ഇവിടെ അറിവുതന്നിരിക്കുന്നു.

ധ്യാനയോഗം: വേങ്ങൂർ, മുടക്കുഴ, നെട്ടങ്ങപ്പ ഈ സ്ഥലങ്ങളിൽ നടത്തപ്പെടുന്ന യുവജന വേദാദ്ധ്യായനക്ലാസിൽ പഠിക്കുന്ന യുവാക്കന്മാരെ ഉദ്ദേശിച്ചു തുലാം 1-ാംനു-യും 2-ാംനു-യും വേങ്ങൂർ പള്ളിയിൽ വെച്ചു നടത്തപ്പെട്ട ധ്യാനയോഗങ്ങളിൽ യുവജനങ്ങൾ സംബന്ധിക്കയും കുമ്പസാരിച്ചു വിശുദ്ധ കുർബാന അനുഭവിക്കയും ചെയ്തു.

വാർഷികയോഗം: മുളന്തുരുത്തി മാർ ഗ്രീഗോറിയോസ് സിറിയൻ സംഘത്തിൻെറ നാലാം വാർഷികയോഗം സ്ഥലം ഗേൾസ് സ്കൂൾ ഹോളിൽവെച്ചു തുലാം 20-ാംനു- ഞായറാഴ്ച 2 മണിക്കു ഫാദർ മക്കോസ് അവർകൾ ബി. ഡി. യുടെ അദ്ധ്യക്ഷതയിൽ മംഗളമായി നടന്നിരിക്കുന്നു. തദവസരത്തിൽ ഡാക്ടർ ഫാദർ സയിമൺ കരോട്ട്, മിസ്റ്റർ ജോസെഫ് മാസ്റ്റർ പടതോട്ടം, മിസ്റ്റർ മാത്തൻപിള്ള പാലക്കാട്ടു എന്നീ മാന്യന്മാർ "സമുദായത്തിൻെറ ജീവനാഡി-അഥവാ യുവാക്കന്മാർ" "ബാലപരിശീലനം" "യുവാക്കന്മാരുടെ ആദർശങ്ങൾ" ആദിയായ വിഷയങ്ങളെ പരാമർശിച്ചു പ്രസംഗങ്ങൾ നടത്തുകയുണ്ടായി.

ഒരു പെരുന്നാൾ: നി. ധ. ദി. ശ്രീ. അങ്കമാലി, കോട്ടയം ഇടവകകളുടെ പരേതനായ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ശ്രാദ്ധം തൃക്കുന്നത്തു സിമ്മാരി പള്ളിയിൽവെച്ചു തുലാമാസം 20-ാംനു- ഞായറാഴ്ച പൂർവാധികം ഭംഗിയായി കൊണ്ടാടിയിരിക്കുന്നു. അന്നേ ദിവസം വിശുദ്ധ കുർബാന അനുഷ്ഠിച്ചതു മലങ്കരെ അന്ത്യോഖ്യാ പ്രതിനിധി നി. വ. ദി. ശ്രീ. മാർ യൂലിയോസ്സ് ബാവാ തിരുമനസ്സുകൊണ്ടായിരുന്നു. കുർബാന മദ്ധ്യേ "നിങ്ങളുടെ ഭരണക്കാരെ ഓർത്തുകൊൾവിൻ" എന്ന വാക്യത്തെ അടിസ്ഥാനപ്പെടുത്തി ദീർഘമേറിയ ഒരു പ്രസംഗം പറകയുണ്ടായി. കുർബ്ബാനാനന്തരം പ്രദക്ഷിണവും കബറിങ്കൽ ധൂപവും കഴിച്ചശേഷം കൂടിയിരുന്ന ജനങ്ങൾക്കെല്ലാം അത്താഴ സല്ക്കാരവും ഉണ്ടായി.

റോമാസഭയിൽനിന്നു പിന്തിരിഞ്ഞു: ബഥനി മെത്രാന്മാരുടെ അനുചരന്മാരിൽ ഒരാളും ചെങ്ങന്നൂർ ബഥനി പള്ളിയുടെ വികാരിയുമായിരുന്ന ഫാദർ ബർസ്ലീബാ അവർകൾ റോമാസഭയിൽനിന്നു പിന്മാറി മാതൃ സഭയിലേക്കു മടങ്ങിച്ചുവ

ന്നിരിക്കുന്നു. വെണ്ണിക്കുളം പള്ളിയിൽനിന്നു റോമാസഭയിൽ ചേൎന്നിരുന്ന മററു ചിലരും ഇദ്ദേഹത്തെ അനുഗമിക്കുമെന്നു അറിയുന്നു.

പുതിയ റീത്തുപ്രസ്ഥാനപ്രതിഷേധം: ബഥനി പ്രസ്ഥാനത്തെ സഗൌരവം പ്രതിഷേധിച്ചു കണ്ടനാട്ട്, കട്ടംഗമംഗലം എന്നീ പള്ളികളിൽ ഡാക്ടർ ഫാദർ സൈമൺ കരോട്ടു അവർകൾ "പൌരസ്ത്യ പാശ്ചാത്യ സഭകളുടെ വിശ്വാസാചാരങ്ങൾ" എന്ന വിഷയത്തെക്കുറിച്ചു തുടൎച്ചയായി പ്രസംഗങ്ങൾ നടത്തി വരുന്നു.

ലേഖകന്മാരോട്: പല ലേഖനങ്ങളും മംഗളശ്ലോകങ്ങളും ഇവിടെ കിട്ടീട്ടുണ്ടു. എന്നാൽ ബഥനി—റോമാബഹളം സംബന്ധിച്ചു ചിലതെല്ലാം പ്രസിദ്ധപ്പെടുത്തുവാൻ അത്യാവശ്യമായിതീൎന്നിരിക്കയാൽ അവയെ നീക്കിവെച്ചിരിക്കയാണ്. സൌകൎയ്യംപോലെ പ്രസിദ്ധപ്പെടുത്തിക്കൊള്ളാം.

വരിസംഖ്യകാൎയ്യം: നിങ്ങൾക്കു ഈ മാസിക ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ ഉടനെ വരിസംഖ്യ അയക്കുക. ഇനിയത്തെ ലക്കം ഈ ആണ്ടത്തെ ഒടുവിലത്തെ ലക്കമാണെന്നു ഓൎക്കണേ.

# ബഥനിപുസ്തകനിഷേധം.

ദീവന്നാസ്യോസ് കക്ഷിയിൽപെട്ട ചില സണ്ടേസ്കൂളുകളിൽ പാഠപുസ്തകങ്ങളായി ബഥനിപ്പുസ്തകങ്ങൾ ഉപയോഗിച്ചിരുന്നു. എന്നാൽ ബഥനി മെത്രാൻ റോമാസഭയിൽ ചേരുവാൻ വളരെ മുമ്പുതന്നെ തീരുമാനിച്ചതാണെന്നും യാക്കോബായക്കാരായ അനേകം ആളുകളേയും മററു മെത്രാന്മാരേയും കൂടെ റോമാസഭയിൽ ചേൎക്കുന്നതിനു കഴിഞ്ഞ നാലഞ്ചു കൊല്ലങ്ങളായി പലവിധ പരിശ്രമങ്ങളും രഹസ്യമായി ചെയ്തുകൊണ്ടിരുന്നു എന്നും ഇപ്പോൾ കുഴല്മണ്ണാടി, ഭൂതക്കണ്ണാടി മുതലായവയിൽകൂടി കണ്ടതിനാൽ അദ്ദേഹത്താൽ ഉണ്ടാക്കപ്പെട്ട പുസ്തക

Marthoman E Library



...ചിഷം കലൎന്നിരിക്കുമെന്നും അവയെ സണ്ടേസ്കൂ... പാഠപുസ്തകങ്ങളായി ഉപയോഗിക്കുന്നതു ആപൽക്കര...മെന്നും പല സണ്ടേസ്കൂൾകാരും തീരുമാനിക്കയും അവ... ഉപേക്ഷിച്ചു "മലങ്കര സണ്ടേസ്കൂൾ അസോസേഷ്യൻ പാഠപുസ്തകങ്ങൾ" ഏൎപ്പെടുത്തുകയും ചെയ്തുവരുന്നതായി അറിയുന്നു. അങ്ങിനെ ബഥനി പുസ്തകങ്ങൾ നിഷേധിക്കുന്ന സണ്ടേസ്കൂളുകാർ മലങ്കര സണ്ടേസ്കൂൾ അസോസേഷ്യൻ പാഠപുസ്തക വിവരങ്ങളെക്കുറിച്ചു ഇവിടേക്കു എഴുതിചോദിക്കുകയും പലരും പുസ്തകങ്ങൾക്കു ഓർഡർ അയക്കയും ചെയ്യുന്നു. അങ്ങിനെയുള്ളവരുടെ സൌകൎയ്യത്തിനുവേണ്ടി അവയുടെ വിവരം താഴെ ചേൎക്കുന്നു:—

വിശുദ്ധ വേദകഥകൾ ഒന്നാംഭാഗം. (ഒന്നാംക്ലാസിലേക്കു) ചക്രം ൨. ചോദ്യോത്തരം, ഒന്നാം ഭാഗം. (ഒന്നും രണ്ടും ക്ലാസുകളിലേക്കു) ചക്രം ൧. വിശുദ്ധ വേദകഥകൾ, രണ്ടാം ഭാഗം (രണ്ടാം ക്ലാസിലേക്കു) ൨൰ ചക്രം. യൌസേഫിന്റെ ജീവചരിത്രം (മൂന്നാംക്ലാസിലേക്കു) ചക്രം ൪. വി. ലൂക്കോസിന്റെ സുവിശേഷം (മൂന്നും നാലും ക്ലാസുകളിലേക്കു) ൩ പൈ. ചോദ്യോത്തരം, രണ്ടാംഭാഗം (മൂന്നും നാലും ക്ലാസുകളിലേക്കു) ചക്രം ൧. പ്രാൎത്ഥനാക്രമം (രണ്ടും, മൂന്നും, നാലും, അഞ്ചും ക്ലാസുകളിലേക്കു) ചക്രം ൪൰. അബ്രഹാമിന്റെ ജീവചരിത്രം (നാലാം ക്ലാസിലേക്കു) ചക്രം ൩. ദാവീദിന്റെ ജീവചരിത്രം (അഞ്ചാം ക്ലാസിലേക്കു) ചക്രം ൫. വിശുദ്ധസഭയും വിശ്വാസവും (അഞ്ചും, ആറും, ഏഴും ക്ലാസുകളിലേക്കു) ചക്രം ൩. വി. മത്തായിയുടെ സുവിശേഷം സുറിയാനി തൎജ്ജമ (അഞ്ചാംക്ലാസിലേക്കു) അണ ൧. മൎത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ (ആറും ഏഴും ക്ലാസുകളിലേക്കു) ൧ ക. ൪ ണ.

പാഠവിവരപ്പട്ടിക "മലങ്കര സണ്ടേസ്കൂൾ അസോസിയേഷ്യൻ സിക്രട്ടറി, മുളന്തുരുത്തി" എന്ന മേൽവിലാസത്തിലും പുസ്തകങ്ങൾ താഴെ കാണുന്ന മേൽവിലാസത്തിലും അയച്ചാൽ കിട്ടുന്നതാണ്.

"സിറിയൻ ക്രിസ്ത്യൻ ബുക്കഡിപ്പൊ തെക്കെ അങ്ങാടി, കുന്നംകുളം"

## 'നിങ്ങളുടെ ഭാഗ്യം പരിക്ഷിപ്പിൻ.

### പരിശുദ്ധന്മാരുടെ ജീവചരിത്രം വായിക്കുവിൻ.

നിങ്ങളുടെ പേരും മേൽവിലാസവും വ്യക്തമായി എഴുതി ഒന്നരണയുടെ സ്റ്റാമ്പുസഹിതം താഴെ കാണിച്ചിരിക്കുന്ന മേൽവിലാസത്തിൽ അയച്ചാൽ ഒരാൾക്കുകം ൨ ചക്രം വിലയുള്ള ഒരു ജീവചരിത്ര പുസ്തകം നിങ്ങൾക്കു കിട്ടുന്നതാണ്. അങ്ങിനെ ഇവിടെ വന്നു ചേരുന്ന എല്ലാ മേൽവിലാസങ്ങളും കൂടി വരുന്ന ധനു 29-ാംനു- നക്കിട്ടെടുത്തു കിട്ടുന്ന ക്രമമനുസരിച്ചു 30 സമ്മാനങ്ങൾ ഡിപ്പോവക ചിലവിന്മേൽ അയച്ചു തരുന്നതായിരിക്കും

## റോമാ വാദഖണ്ഡനങ്ങൾ.

വില ഓരോന്നിന്നു 3 അണ.

പരേതനായ നി. വ. ദി. ശ്രീ. മാർ ഒസ്താത്തിയാസ് ബാവാ തിരുമനസ്സുകൊണ്ടു എഴുതിയ

## മ്ശിഹൈക്യസ്വഭാവം

## യാക്കൊബായക്കാർ

എന്ന രണ്ടു വിശിഷ്ടപുസ്തകങ്ങൾ ഇതാ അച്ചടിച്ചു തയ്യാറായിരിക്കുന്നു. ചുരുക്കം പ്രതികൾ മാത്രം. ഉടനെ ആവശ്യപ്പെടുക.

—:*:—

## അന്ത്യോഖ്യായും റോമായും.

റോമാ സിംഹാസനം, മാർപാപ്പാമാർ, റോമാസഭ എന്നിവയെ നോക്കാനുള്ള "സാക്ഷാൽ കുഴൽകണ്ണാടി" യായ ഈ പുസ്തകത്തിൻെറ ചുരുക്കം പ്രതികൾ മാത്രമേ ബാക്കിയുള്ളൂ.

സിറിയൻ ക്രിസ്ത്യൻ ബുക്കുഡിപ്പൊ
കുന്നംകുളം.

Marthoman E Library


തേരിന് കസ...

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1⅛ | ഇഞ്ചു | 1⅛ | ഉഞ്ചു | 2¼ | 5 | മുക്കമ്പികസവുമുണ്ടു | 4 | |
| ⅛ | ” | ¾ | ” | ടി | ടി | പിന്നൽകസവുമുണ്ടു | 3 | 8 |
| ⅜ | ” | 1¼ | ” | ടി | ടി | ടി | 4 | 12 |
| 1½ | ” | 2 | ” | 3 | 5 | ടി | 8 | |
| 2½ | ” | 3 | ” | ടി | ടി | ടി | 13 | |
| 1 | ” | ⅛ | ” | ടി | ടി | ടി | 6 | |

...ട്ടരിന്നുകൾക്കും പാവുവസ്ത്രങ്ങൾക്കും കാററലോഗ് ഇനാം.

...ന്നാംതരം 2½ വീതി 5 നീളം പട്ടുവസ്ത്രം ഡസൻ രൂപാ 14
ടി ടി കസവുള്ളതു 20

എല്ലാതരങ്ങളും ഒന്നാംതരം ഇഴയിലും
കസവിലും എത്രയും വൃത്തിയായി ചെയ്തുകൊടുപ്പാൻ തയ്യാർ.

ന്യൂ സിൽക്ക് ഹൌസ്

കോട്ടാർ—... ...ാഗർകോവിൽ,
...ിന്ത്യാ

ചിലവുള്ള [illegible]

സമ്മാനങ്ങൾ: ഒരു രൂപ മുതൽ ഒരു [illegible] വരെ

വിലയുള്ള പുസ്തകങ്ങൾ.

[illegible]ററകൾ അടങ്ങിയ ഒരു ററിക്കററ പുസ്തകത്തിനു വില ഒരു [illegible]ക്രം.

താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതിയാൽ ററിക്കററ പുസ്തകങ്ങൾ അയച്ചുതരുന്നതായിരിക്കും. ററിക്കററകൾ വിററ 1106 ധനു 10-ാം [illegible] മുമ്പ് [illegible]ററിലും പണവും [illegible] മാത്രം ഉദ്ദേശിച്ചു നടത്തപ്പെടുന്ന

ഈ ഭാഗ്യവില്പന [illegible] പിരിഞ്ഞുകിട്ടുന്ന സംഖ്യ മുഴുവൻ സ്വന്തമായി ആകയാൽ ററിക്കററവില്പന മൂലം ഭാഗിക്കുന്നതായിരിക്കും.

അധികം ററിക്കററകൾ ചിലവാക്കുന്നവർക്കു ഒരു പ്രത്യേക സമ്മാനം [illegible]ടുക്കുന്നതാണ്.

സമ്മാനങ്ങൾ ററിക്കററകൾ ചിലവാക്കിയ ഏജൻറുമാരുടെ പേരിൽ [illegible] ന്നിച്ചുകെട്ടി അയക്കുന്നതായിരിക്കും. അവർ ററിക്കററ വാങ്ങിയവർക്കു വിതരണം ചെയ്യേണ്ടതാണ്.

സിറിയൻ ക്രിസ്ത്യൻ ബുക്കഡിപ്പോ—കുന്നംകുളം.

---

## ഒരു കണ്ണാടിയും വേണ്ട.

"ഭൂതക്കണ്ണാടി" ചെറിയ സാധനങ്ങളെ വലുതാക്കിക്കാണിക്കാനും "കുഴൽക്കണ്ണാടി" അകലെ ഇരിക്കുന്നവയെ അടുപ്പിച്ചു കാണിക്കാനും ആവശ്യമാകുന്നു. എന്നാലോ കുന്നംകുളത്തെ പി. സി. വർഗ്ഗീസ് & ബ്രദേഴ്സിൻെറ സ്പന്നരാഭരണങ്ങളുടെ പണിവിശേഷം നിഷ്കളങ്കത്വം എന്നിത്യാദി ഗുണങ്ങ[illegible] പരീക്ഷിക്കാൻ ഇതര യാതൊരു കണ്ണാടിയും ആവശ്യ[illegible] ഒരു ചെറിയ ഓർഡർകൊണ്ടു കാര്യം മനസ്സിലാകാ[illegible]യാൽ "കണ്ണിൽ പുണ്ണിനു കണ്ണാടി വേണ്ട"

---

Edited, Pri[illegible]d Published by C. I. Jacob [illegible]
P. Pr[illegible]iam.